# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കണ്ണൂർ ജില്ല, കണ്ണൂർ - തലശ്ശേരി താലൂക്കിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ ചെമ്പിലോട്, വേങ്ങാട്, അഞ്ചരക്കണ്ടി, പെരളശ്ശേരി, പിണറായി എന്നീ ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലത്തിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി

**കരട് റിപ്പോർട്ട്**


തയ്യാറാക്കിയത് :

**വികെ കൺസൾട്ടൻസി സെന്റർ**

**ഒരു സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**പഞ്ചായത്ത് ബസാർ, തിക്കോടി, കോഴിക്കോട് - 673 529**

## ഉള്ളടക്കം


അദ്ധ്യായം 1. പഠനത്തിന്റെ സംക്ഷിപ്ത രൂപം

2. പദ്ധതിയുടെ വിശദവിവരങ്ങൾ

3. പഠന സംഘം, പഠന സമീപനം

4. സംഥലത്തിന്റെ മൂല്യ നിർണ്ണയം

5. ആഘാത ബാധിത കുടുംബങ്ങളെകുറിച്ചും വസ്തു വഹകളെ കുറിച്ചുമുള്ള കണക്ക്.

6. സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം

7. സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

8. സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി സ്ഥാപന സംവിധാനം

9. സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

10. സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി മേൽ നോട്ടവും മൂല്യനിർണ്ണയവും.

11. നേട്ടങ്ങളും നഷ്ടങ്ങളും

## അദ്ധ്യായം 1

## പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും.

ഗ്രാമീണ മേഖലകളിൽ ഓരോ ഗ്രാമപഞ്ചായത്തിലും ഒരു കളിസ്ഥലം സൗകര്യപ്പെടുത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഉൾപ്രദേശങ്ങളിൽ അധിവസിക്കുന്ന യുവജനങ്ങളുടെ പ്രത്യേകിച്ച് കുട്ടികളുടെ കായികരംഗത്തെ അനിവാര്യമായ വളർച്ചയ്ക്ക് വളരെയധികം പ്രയോജനപ്പെടുന്ന ഒരു കർമ്മപദ്ധതിയാണിത്. കായിക രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ മറ്റു സംസ്ഥാനങ്ങളേക്കാൾ നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായിട്ടുണ്ടെങ്കിലും കൂടുതൽ ഉയരങ്ങൾ എത്തിപ്പിടിക്കാൻ ഇത്തരം പദ്ധതികൾക്ക് തുടക്കം കുറിക്കാനുള്ള സംസ്ഥാന സർക്കാറിന്റെ തീരുമാനം വളരെ ശ്ലാഘനീയമാണ്. അതോടൊപ്പം യുജനങ്ങളേയും അവരുടെ കായിക രംഗത്തുള്ള അഭിരുചി തിരിച്ചറിഞ്ഞ് വിവിധ ഇനങ്ങളിൽ വിദഗ്ധ പരിശീലനം നൽകി വളർത്തിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരമൊരു പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയത്. ഈപദ്ധതിയുടെ ആദ്യപടിയായിട്ടാണ് കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി എന്നീ താലൂക്കുകളിൽ ഉൾപ്പെടുന്ന ധർമ്മടം മണ്ഡലത്തിലെ അഞ്ചരക്കണ്ടി, പെരളശ്ശേരി, ചെമ്പിലോട്, വേങ്ങാട്, പിണറായി എന്നീ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമീണ കളിസ്ഥലത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ GO (Rt) No. 4075/2022/RD dated 08-1-2022 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

### 1.2 പദ്ധതി പ്രദേശത്തിന്റെ കിടപ്പ്.

ഗ്രാമീണ കളിസ്ഥലത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് അഞ്ചരക്കണ്ടി, പെരളശ്ശേരി, ചെമ്പിലോട്, വേങ്ങാട്, പിണറായി എന്നീ അഞ്ചു ഗ്രാമപഞ്ചായത്തുകളിലാണ്. അപ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ കിടപ്പ് പ്രത്യേകം പ്രത്യേകമായി താഴെ കൊടുക്കുന്നു.

#### 1.2.(a) അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്.

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം അഞ്ചരക്കണ്ടി വില്ലേജിൽ റി.സ. 19/5 ൽപ്പെട്ട 7.62 ആർസ് ഭൂമിയാണ്.

#### 1.2.(b) പെരളശ്ശേരി ഗ്രാമപഞ്ചായത്ത്.

മക്രേരി വില്ലേജിൽ റി.സ. 39/111, 39/3, 39/116, 122, 39/118, 39/101, 39/105, 39/117, 309/109 ൽപ്പെട്ട 92.79 ആർ സ്ഥലമാണ് പെരളശ്ശേരി ഗ്രാമപഞ്ചായത്തിനുവേണ്ടിഏറ്റെടുക്കുന്നത്.

#### 1.2.(c) ചെമ്പിലോട് ഗ്രാമപഞ്ചായത്ത്.

പ്രസ്തുത ഗ്രാമപഞ്ചായത്തിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഇരിവേരി വില്ലേജിൽ പെട്ടതാണ്. റി.സ. 119/1, 119/101 എന്നിവയിൽപ്പെട്ട 80.87 ആർ സ്ഥലമാണ് നിർദ്ദിഷ്ട പദ്ധതിപ്രദേശം.

### 1.2.(d) വേങ്ങാട് ഗ്രാമപഞ്ചായത്ത്.

പടുവിലായി വില്ലേജിലാണ് പ്രസ്തുത ഗ്രാമപഞ്ചായത്തിനുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം സ്ഥിതിചെയ്യുന്നത്. പടുവിലാവിലായി വില്ലേജിൽ റി.സ. 18/3, 18/4 എന്നിവയിൽപ്പെട്ട 40.53 ആർ സ്ഥലമാണ് പദ്ധതി പ്രദേശം.

### 1.2.(e) പിണറായി ഗ്രാമപഞ്ചായത്ത്.

പിണറായി ഗ്രാമപഞ്ചായത്തിനുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്നത് പിണറായി വില്ലേജിൽ റി. സ.163, 162/1, 2, 3, 4, 5, 6, 7, 101 എന്നിവിൽ ഉൾപ്പെട്ട 203.25 ആർ സ്ഥലവുമാണ്.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്തൃതിയും ഗുണങ്ങളും.

ഗ്രാമീണകളിസ്ഥലം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ യിൽ കണ്ണൂർ, തലശ്ശേരി എന്നീ താലൂക്കുകളിൽ ഉൾപ്പെടുന്ന ധർമ്മടം മണ്ഡലത്തിലെ അഞ്ചു പഞ്ചായത്തുകളിൽ കളിസ്ഥലം സജ്ജമാക്കുന്നതിന് ആകെ 489.07 ആർ ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഓരോ ഗ്രാമപഞ്ചായത്തിലും ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | പിണറായി ഗ്രാമപഞ്ചായത്ത് | - | 203.25 ആർ |
| 2. | ചെമ്പിലോട് ഗ്രാമപഞ്ചായത്ത് | - | 80.87 ആർ |
| 3. | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | - | 71.63 ആർ |
| 4. | പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | - | 92.79 ആർ |
| 5. | വേങ്ങാട് ഗ്രാമപഞ്ചായത്ത് | - | 40.53 ആർ |
| | **ആകെ** | - | **489.07 ആർ** |

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന മൊത്തം സ്ഥലവും തെങ്ങ്, കവുങ്ങ്, മാവ്, എന്നീ ഫലവൃക്ഷങ്ങളും മറ്റു മരങ്ങളും ഉള്ളതാണ്. പദ്ധതി പ്രദേശത്ത് രണ്ട് കുടുംബങ്ങൾ താമസിക്കുന്നുണ്ട്. കച്ചവട സ്ഥാപനങ്ങളുമുണ്ട്.

## 1.4 പദ്ധതിക്കുവേണ്ടി മറ്റു പ്രദേശങ്ങൾ കണ്ടെത്തൽ

ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ കണ്ണൂർ തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടിയാണ് തലശ്ശേരി താലൂക്കിൽ പണറായി വില്ലേജിൽ റി.സ. 162/1, 162/2, 162/3, 162/4, 162/5, 162/6, 162/7, 163 എന്നിവയിൽപ്പെട്ട 203.25 ആർസ് സ്ഥലവും, പടുവിലായി വില്ലേജിൽ 18/3സ 18/4 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട 40.53 ആർസ് സ്ഥലവും, കണ്ണൂർ താലൂക്കിൽ ഇരിവേരി വില്ലേജിൽ റി.സി. 119/101 ൽപ്പെട്ട 80.87 ആർസ് സ്ഥലവും, അഞ്ചരക്കണ്ടി വില്ലേജിൽ 19/5 സർവ്വെ നമ്പറിൽപ്പെട്ട 71.63 ആർസ് സ്ഥലവും, മക്രേരി വില്ലേജിൽ റി.സ. 39/3, 39/4 സർവ്വെനമ്പറുകളിൽപ്പെട്ട 92.79 ആർസ് സ്ഥലവും ഏറ്റെടുക്കുന്നതിന് സർക്കാർ GO (Rt) No. 4075/2022/RD dated 08-1-2022 പ്രകാരം ഉത്തരവായിട്ടുള്ളത്. സാമൂഹ്യ ആഘാത പഠനസംഘം നടത്തിയ പരിശോധനയിൽ പ്രസ്തുത സ്ഥലങ്ങൾ എല്ലാം തന്നെ

നിർദ്ദിഷ്ട പദ്ധതിയ്ക്ക് വളരെ അനുയോജ്യമായണെന്നും, സൗകര്യപ്രദമാണെന്നും കണ്ടെത്തിയ തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പദ്ധതിക്കായി മറ്റു സ്ഥലങ്ങൾ കണ്ടെത്തേണ്ട ആവശ്യകത ഇല്ല.

## 1.5 സാമൂഹ്യപ്രത്യാഘാതങ്ങൾ.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ആകെ 00000 കൈവശഭൂമികളെയാണ് ബാധിക്കുന്നത്. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ് എന്നീ ഫലവൃക്ഷങ്ങളാലും, തേക്ക്, ഇരൂൾ, മറ്റു പടുമര ങ്ങൾ എന്നിവയാലും നിബിഡമാണ് പദ്ധതി പ്രദേശം. പദ്ധതി പ്രദേശത്ത് രണ്ടു കുടുംബങ്ങൾ താമസി ച്ചുവരുന്നു. പദ്ധതിയുടെ രൂപരേഖ പ്രകാരം ആ കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരും.

## 1.6 ലഘൂകരണ നടപടികൾ:

പദ്ധതി പ്രദേശം സന്ദർശിച്ചതിലൂടെയും വിവരങ്ങൾ ശേഖരിച്ചതിലൂടെയും ആഘാത ബാധിത കുടുംബ ങ്ങളെയും, തൽപ്പര കക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദുരന്ത ലഘൂകരണ നടപടികൾ നിർദ്ദേശിക്കുന്നു.

എ) ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തി നും, പുനഃസ്ഥാപനനത്തിനുമുള്ള 2013 ലെ അവകാശ നിയമം, ഇതിനോടനുബന്ധിച്ചുള്ള 2015 ലെ കേരള ചട്ടങ്ങൾ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം ഭൂമി ഏറ്റെടുക്കൽ നടപടികൾ കൈക്കൊള്ളേണ്ടത്.

ബി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധി തർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കുകയും ചെയ്യുക.

സി) സ്ഥലം ഏറ്റെടുക്കുന്നതുമൂലം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് RFCTLARR നിയമ ത്തിലെ രണ്ടും മൂന്നും പട്ടിക പ്രകാരവും, GO(MS) No. 448/2017/RD dated 29-12-2017 പ്രകാര വുമുള്ള പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുക.

ഡി) 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ (RFCTLARR Act 2013 ) ഒന്നാം പട്ടിക പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ഗണന ഘടകം (Multiplication factor ) 1 മുതൽ 2 വരെ എന്നത് കേന്ദ്രസർക്കാർ '2' ആയി ജനി ജപ്പെടുത്തിക്കൊണ്ട് 09-02-2016 ന് F. No. 13011/04/2015-LRD നമ്പറായി ഒരു വിജ്ഞാപനം ഇന്ത്യാഗവൺമെന്റിന്റെ അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. അപ്രകാരം ഗ്രാമ പ്രദേശങ്ങളിൽ ഭൂമി ഏറ്റെടുക്കൽ മൂലം സ്ഥലം നഷ്ടപ്പെടുന്ന ഓരോ കൈവശക്കാരനും ഗുണന ഘടകം '2'ന്റെ അടിസ്ഥാനത്തിൽ സ്ഥല വില നിർണ്ണയിച്ചു നഷ്ടപരിഹാരം ഉറപ്പുവ്രു ത്തുക.

ഇ) വ്യാപരസ്ഥാപനങ്ങൾ വിട്ടൊഴിയേണ്ടിവരുന്ന വാടകക്കാരായ കച്ചവടക്കാർക്കും അത്തരം കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും GO(MS) No. 448/2017/RD dated 29-12-2017 പ്രകാരവുമുള്ള പുനരധിവാസ, പുനഃസ്ഥാപന പാക്കേജ് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുക.

## 2 പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലം

ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി മായി കണ്ണൂർ ജില്ലയിൽ കണ്ണൂർ തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുക എന്നതാണ് പ്രസ്തുത പദ്ധതി. ഈ പദ്ധതിയുടെ നടത്തിപ്പിനായി, പിണറായി, ഇരിവേരി, അഞ്ചരക്കണ്ടി, മുക്രേരി, പടുവിലായി എന്നീ വില്ലേജുകളിൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട യഥാക്രമം 203.25 ആർസ്, 80.78 ആർസ്, 92.79 ആർസ്, 40.53 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനാണഅ സർക്കാർ ഉത്തരവായിട്ടുള്ളത്. നിർദ്ദിഷ്ട പദ്ധതിക്കായി ആകെ ഏറ്റെടുക്കേണ്ടത് 489.07 ആർസ് ഭൂമിയാണ്. പദ്ധതി പ്രദേശം ആകെ ഇരുപത് കൈവശ ഭൂമികളടങ്ങിയതാണ്. പദ്ധതി പ്രദേസത്ത് നടത്തിയ പഠനത്തിൽ രണ്ടു കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരുമെന്ന് കണ്ടെത്തുകയുണ്ടായി. സ്വന്തം കടയിൽ തൊഴിൽ സംരംഭം ചെയ്യുന്ന ഒരു കുടുംബത്തേയും സ്ഥലം ഏറ്റെടുക്കൽ ബാധിക്കുന്നുണ്ട്.

### 2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപ്പര്യത്തിന് പദ്ധതി എങ്ങനെ അനുയോജ്യമാകുന്നു എന്നതുൾപ്പെടെ പദ്ധതിയുടെ യുക്തി :

ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി മായി കണ്ണൂർ ജില്ലയിൽ കണ്ണൂർ തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെടുന്ന ധർമ്മടം മണ്ഡലത്തിലെ ചെമ്പിലോട്, വേങ്ങാട്, അഞ്ചരക്കണ്ടി, പെരളശ്ശേരി, പിണറായി എന്നീ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഇരിവേരി, പടുവിലായി, അഞ്ചരക്കണ്ടി, മക്രേരി, പിണറായി എന്നീ വില്ലേജുകളിൽ വിവിധ സർവ്വെ നമ്പറുകളിൽനിന്നായി ആകെ 489.07 ആർ സ്ഥലം ഏറ്റെടുക്കുന്നത്. ഉൾനാട്ടിലെ യുവജനങ്ങളിലും, കുട്ടികളിലും ുള്ള കായകാഭിരുചി കണ്ടെത്തുകും, അതിനുവേണ്ട പ്രോത്സാഹനം നൽകി അവരുടെ കഴിവ് സംസ്ഥാനത്തിനും, അതുവഴി രാജ്യത്തിനും വേണ്ടി ഉപയോഗപ്പെടുത്തുക എന്നതാണ് നിർദ്ദിഷ്ടപദ്ധതിയുടെ ലക്ഷ്യം.

### 2.3 പദ്ധതിയുടെ സ്ഥലം, കിടപ്പ് മുതലായവ.

കണ്ണൂർ ജില്ലയിൽ ധർമ്മടം മണ്ഡലത്തിലെ ചെമ്പിലോട്, പെരളശ്ശേരി, അഞ്ചരക്കണ്ടി, വേങ്ങാട്, പിണറായി, എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് വേണ്ടിയാണ് ഇരിവിശ്ശേരി വില്ലേജിൽ 80.87 ആർ, മക്രേരി വില്ലലേജിൽ 92.79 ആർ, അഞ്ചരക്കണ്ടി വില്ലേജിൽ 71.63 ആർ, പടുവിലായി വില്ലേജിൽ 40.53 ആർ, പിണറായി വില്ലേജിൽ 208.25 ആർ എന്നിങ്ങനെ സ്ഥലം ഏറ്റെടുക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്ന എല്ലാ സ്ഥലവും ഗതാഗത സൗകര്യമുള്ളതാണ്.

### 2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ.

കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും കളിസ്ഥലം

നിർമ്മിക്കുന്നതിനുവേണ്ടയാണ് പിണറായി, ഇരിലേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി എന്നീ വില്ലേജുകളിൽപ്പെട്ട 489.07 ആർസ് ഭൂമി ഏറ്റെടുക്കുന്നത്. ഓരോ ഗ്രാമപഞ്ചായത്തിനും വേണ്ടി കണ്ടെത്തിയതും ഏറ്റെടുക്കാൻ ഉത്തരവായതുമായി സ്ഥലം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സൗകര്യപ്രദവും വളരെ അനുയോജ്യവുമാണെന്ന് പഠന സംഘം വിലയിരുത്തിയതിനാൽ നിർദ്ദിഷ്ടല പദ്ധതിക്കു വേണ്ടി മറ്റു സ്ഥലങ്ങൾ കണ്ടെത്തേണ്ട ആവശ്യകതയില്ല.

## 2.5 പദ്ധതിയുടെ നിർമ്മാണ ഘട്ടങ്ങൾ.

ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി പിണറായി, ചെമ്പിലോട്, അഞ്ചരക്കണ്ടി, പെരളരി, വേങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കളിസ്ഥലത്തിനുവേണ്ടി പിണറായി, ഇരിവേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി എന്നീ വില്ലേജുകളിൽപ്പെട്ട ആകെ 489.07 ആർസ് ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്ന്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതോടുകൂടി എല്ലാ പഞ്ചായത്തിലും കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## 2.6 ആവശ്യമായ തൊഴിൽ ശക്തി.

തൊഴിൽ ശക്തി ക്രമീകരിച്ചിരിക്കുന്നത് ആധുനിക യന്ത്രസാമഗ്രികൾകൊണ്ടും, മനുഷ്യ ശക്തി പ്ലാൻ ചെയ്തിരിക്കുന്നത് വിദഗ്ധർ, അർദ്ധവിദഗ്ധർ, അവിദഗ്ധർ എന്നീ വിവിധ തലങ്ങളിലായിട്ടാണ്. നിർദ്ദിഷ്ട പദ്ധതിയുടെ നിർമ്മാണ വേളയിൽ പ്രാദേശിക തൊഴിലാളികൾക്കും തൊഴിൽ ലഭിക്കുന്നതിനുള്ള സവസരം ഉണ്ടാവണം.

## 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത.

ആവശ്യമില്ല.

## 2.8 പദ്ധതിയുടെ സ്ഥലം, വലിപ്പം, സൗകര്യം തുടങ്ങിയ വിവരങ്ങൾ :

പിണറായി, ചെമ്പിലോട്, അഞ്ചരക്കണ്ടി, പെരളശ്ശേരി, വേങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഇതിനായി ആകെ 488ത07 ആർസ് ഭൂമിയാണ് വിവിധ വില്ലേജുകളിലായി ഏറ്റെടുക്കുന്നത്. പിണറായി ഗ്രാമപഞ്ചായത്തിനുവേണ്ടി പിണറായി വില്ലേജിൽ 203.25 ആർസ് ഭൂമിയും, ചെമ്പിലോട് ഗ്രാമപഞ്ചായത്തിനുവേണ്ടി ഇരിവേരി വില്ലേജിൽ 80.87 ആർസ് ഭൂമിയും, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിനുവേണ്ട അഞ്ചരക്കണ്ടി വില്ലേജിൽ 71.63 ആർസ് ഭൂമിയും, പെരളശ്ശേരി ഗ്രാമപഞ്ചായത്തിനുവേണ്ടി മക്രേരി വില്ലേജിൽ 92.79 ആർസ് ഭൂമിയും, വേങ്ങാട് ഗ്രാമപഞ്ചായത്തിനുവേണ്ടി പടുവിലായി വില്ലേജിൽ 40.53 ആർസ് ഭൂമിയുമാണ് കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഈ പദ്ധതിക്കാവശ്യമായ ഏറ്റവും സൗകര്യപ്രദമായ സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് പഠനത്തിൽ ബോധ്യപ്പെട്ടു.

## 2.9 ഇതിനുമുമ്പു നടത്തിയ സാമൂഹ്യ/പാരിസ്ഥിതി/പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാദ്ധ്യതാ പഠനങ്ങളുടെ വിവരങ്ങൾ :

ഇത്തരം സാദ്ധ്യതാപഠനങ്ങളൊന്നും നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടിയിൽ ഉണ്ടായിട്ടില്ല.

## 2.10 ബാധകമായ നിയമങ്ങളും ചട്ടങ്ങളും.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കലിൽ ബാധകമായിട്ടുള്ള നിയമങ്ങളും, ചട്ടങ്ങളും താഴെ കൊടുക്കുന്നു.

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം - 2013.
2. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ (കേരള) ചട്ടങ്ങൾ - 2015.
3. ഭൂമി ഏറ്റെടുക്കലിൽ ന്യാമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ അവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതിൽ കൂടുതൽ നഷ്ടപരിഹാരത്തിനോ കൂടുതൽ മെച്ചപ്പെട്ട പുനരധിവാസ, പുനസ്ഥാപന ആനുകൂല്യങ്ങളോ അനുവദിക്കുന്നതിനുള്ള 23/9/2015-ാം തിയ്യതിക്കുള്ള GO(MS) No. 485/2015/RD പ്രകാരം സർക്കാർ ആവിഷ്ക്കരിച്ച നയം.
4. 29/12/2017 ലെ GO(MS) No. 448/2017/RD ഉത്തരവുപ്രകാരം സർക്കാറിന്റെ പുനരധിവാസ പുനഃസ്ഥാപന പാക്കേജ്.

കുഴിക്കൂറുകൾ/ചമയങ്ങൾ എന്നിവയോടുകൂടിയോ അല്ലാതെയോ ഏറ്റെടുക്കൽ മൂലം സ്ഥലം നഷ്ടപ്പെടുന്ന സ്ഥലം ഉടമകൾക്ക് RFCTLARR നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകളനുസരിച്ചാണ് (പട്ടിക-1) നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. പ്രസ്തുത നിയമത്തിലെ ഓരോ വകുപ്പുകളും സുതാര്യമായ രീതിയിൽ നടപ്പിലാക്കുന്നതിനാണ് RFCTLARR (കേരള) ചട്ടങ്ങൾ-2015 ന് രൂപം കൊടുത്ത് 19/9/2015 ലെ GO(P) No. 470/2015/RD പ്രകാരം പ്രസിദ്ധപ്പെടുത്തിയത്.

ഭൂമി ഏറ്റെടുക്കലിൽ ന്യയമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013ലെ അവകാശ നിയമ പ്രകാരം അർഹതയുള്ള നഷ്ടപരിഹാരത്തേക്കാൾ കൂടുതൽ നഷ്ടപരിഹാരവും, മെച്ചപ്പെട്ട പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടിയാണ് GO(MS) No. 485/2015/RD dated 23/9/2015 പ്രകാരമുള്ള സർക്കാറിന്റെ നയം രൂപപ്പെടുത്തിയത്. കൂടാതെ പ്രസ്തുത നിയമത്തിൽ രണ്ടാം പട്ടിക പ്രകാരം അർഹതയതുള്ള പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ ഓരോന്നിലും തുക വർദ്ധിപ്പിച്ചുകൊണ്ടും, നിയമപ്രകാരം അർഹതയുള്ള പുനരധിവാസ, പുനഃസ്ഥാപന ഘടകങ്ങൾക്കുപുറമെ ഏതാനും ഘടകങ്ങൾകൂടി ഉൾപ്പെടുത്തിയും സംസ്ഥാന സർക്കാർ GO(MS) No. 448/2017/RD dated 29/12/2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

## അദ്ധ്യായം 3

### 3.1 പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ അവകാശ നിയമത്തില 4 (1) വകുപ്പു പ്രകാരം സംസ്ഥാന സർക്കാർ ഒരു പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുമായി ആലോചിച്ചു പദ്ധതി പ്രദേശത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തിൽ പഠനം നടത്തണമെന്നു നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ പിണറായി, ചെമ്പിലോട്, അഞ്ചരക്കണ്ടി, പെരളശ്ശേരി, വേങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മാണത്തിനുവേണ്ടി പിണറായി, ഇരിവിശ്ശേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി എന്നീ വില്ലേജുകളിൽപ്പെട്ട ആകെ 489.07 ആർസ് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടു സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന്, കോഴിക്കോട് ജില്ലയിൽ വികെ കൺസൾട്ടൻസി സെന്റർ, തിക്കോടി എന്ന സ്ഥാപനത്തെ അധികാരപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് GO(P) No. 80-b2023/RD dated 13/3/2023, കേരള സർക്കാറിന്റെ 14/3/2023 തിയ്യതിക്കുള്ള അസാധാരണ ഗസറ്റ് നമ്പർ 928, വാല്യം 12 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം.**

| ക്രമ നമ്പർ | പേര് | പദവി / യോഗ്യത |
|---|---|---|
| 1 | വി. കെ.ബാലൻ | ടീം ലീഡർ & ചെയർമാൻ S.I.A യൂണിറ്റ്. മുൻ എൽ.എ വിഭാഗം ഡപ്യൂട്ടി കലക്ടർ, കലക്ടറേറ്റ് കോഴിക്കോട്. |
| 2 | ജസ്സി. സി.ജി | എം.എസ്.ഡബ്ല്യു |
| 3 | രവീന്ദ്രൻ പി.കെ | ഡപ്യൂട്ടി കളക്ടർ (റിട്ടയേർഡ്) |
| 4 | സാബു അബ്രഹാം | ഡപ്യൂട്ടി തഹസിൽദാർ (റിട്ടയേർഡ്) |
| 5 | കെ.ചന്ദ്രൻ | താലൂക്ക് സർവ്വേയർ (റിട്ടയേർഡ്) |
| 6 | പി.പീതാംബരൻ | ഓഫീസ് അസിസ്റ്റന്റ് |

സംസ്ഥാന സർക്കാർ GO (Rt) No. 982/2020/RD dated 10.3.2020 പ്രകാരം അക്രഡിറ്റുചെയ്യുകയും അതനുസരിച്ച് എംപാനൽ ചെയ്യുകയും ചെയ്ത ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനയൂണിറ്റാണ് വി.കെ. കൺസൽട്ടൻസി സെന്റർ, തിക്കോടി എന്ന സ്ഥാപനം. കോഴിക്കോട് കലക്ട്രേറ്റിൽ നിന്നും വിരമിച്ച എൽ.എ. വിഭാഗം ഡെപ്യൂട്ടി കളക്ടർ ആണ് പ്രസ്തുത പഠനയൂണിറ്റിന്റെ ടീം ലീഡറും ചെയർമാനും. ഭൂമി ഏറ്റെടുക്കൽ നടപടിയിൽ വളരെയ

ധികം പരിചയസമ്പന്നനാണ് പ്രസ്തുത വ്യക്തി. ഈ പരിചയം മൂലമാണ് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ അവകാശ നിയമത്തിനുള്ള ചട്ടങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള സർക്കാറിന്റെ Expert Committee യിലെ ഒരംഗമായി GO (Rt) No. 2172/14/RD dated 23.5.2014 പ്രകാരം ഉൾപ്പെടുത്താൻ ഇടയായത്. ഈ പഠന സംഘത്തിലെ ഒരംഗം എം,എസ്. ഡബ്ല്യു യോഗ്യതയുള്ളവരും മറ്റുള്ളവർ റവന്യൂ, സർവ്വെ ഡിപ്പാർട്ടുമെന്റിൽ നിന്നും വിരമിച്ച പരിചയ സമ്പന്നരുമാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പ്രതിനിധീകരിച്ചു പങ്കെടുക്കുകയു ായി.

## 3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും അതുപയോഗിച്ചതിന്റെ യുക്തിയും പഠനത്തിനുവേണ്ടി വിവിരശേഖരണം നടത്തിയതിന്റെ രീതിയും.

പഠന സംഘം നിർദ്ദിഷ്ട പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും പിണറായി, ചെമ്പിലോട്, അഞ്ചരക്കണ്ടി, പെരളശ്ശേരി, വേങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളെ നേരിൽ കാണുകയും അവരുമായി നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ച് ആശയവിനിമയം നടത്തുകയും, സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തെക്കുറിച്ചു ചർച്ചചെയ്യുകയും ചെയ്തു. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളിൽ നിന്നും ഭൂമി ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള പ്രദേശത്ത് വിന്യസിസിച്ചിട്ടുള്ള സർവ്വെ കല്ലുകളുടെ അതിരടയാളങ്ങളിൽ നിന്നുമാണ് പദ്ധതി ബാധിത കുടുബങ്ങളുടേയും, അവരുടെ കൈവശ സ്ഥലങ്ങളെക്കുറിച്ചും, അതിലെ കുഴിക്കൂർ ചമയങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ തയ്യാറാക്കിയത്. ഗുണപരമായതിനെ സംബന്ധിച്ചും, അളവിനെ സംബന്ധിച്ചുമുള്ള ഒരു സമ്മിശ്ര പ്രവർത്തന ശൈലിയാണ് പദ്ധി പ്രദേശത്തെ ബാധിത കുടുംബങ്ങളുടെ വിവരശേഖരണത്തിനായി അവലംബിച്ചത്. പദ്ധതി ബാധിക്കുന്ന ഓരോ കൈവശഭൂമിയും കണ്ടെത്തി, അങ്ങിനെ നടത്തിയ. സർവ്വെയിലൂടെയാണ് സാമൂഹ്യപ്രത്യാഘാത പഠനത്തിനായുള്ള വിവരങ്ങൾ ശേഖരിച്ചത്. ഭമി ഏറ്റെടുക്കൽ ബാധിക്കുന്ന പദ്ധതി പ്രദേശത്തുള്ള കുടുംബങ്ങളെ നാലായി (1) ഭൂമി ഏറ്റെടുക്കൽ മൂലം ഭാഗികമായി മാത്രം സ്ഥലം നഷ്ടപ്പെടുന്ന കുടുംബങ്ങൾ (2) മുഴുവനായോ, ഭാഗികമായോ സ്ഥലവും കുഴിക്കൂർ ചമയങ്ങളും നഷ്ടപ്പെടുന്ന കുടുംബങ്ങൾ (3) പദ്ധതി പ്രദേശത്ത് വാടക സ്ഥാപനങ്ങളലെ കച്ചവടക്കാരും, അത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ, (4) ഭൂമി ഏറ്റെടുക്കൽമൂലം കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾ എന്നിങ്ങനെ തരംതിരിച്ചാണ് വിവരശേഖരണം നടത്തിയത്. പ്രാഥമിക, ദ്വിതീയ മാർഗ്ഗങ്ങളിലൂടെ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരടുരേഖ തയ്യാറാക്കിയിരിക്കുന്നതും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയുടെ രൂപീകരണത്തിന് അടിത്തറയായതും.

## 3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി.

ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിൽ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ - പിണറായി, ചെമ്പിലോട്, അഞ്ചരക്കണ്ടി, പെരളശ്ശേരി, വേങ്ങാട് - കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടിയാണ് പിണറായി, ഇരിവേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി എന്നീ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട ആകെ 489.07 ആർസ് ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇരുപത് കൈവശഭൂമികൾ ഉൾപ്പെടുന്ന താണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. ഓരോ കൈവശക്കാരനേയും വ്യത്യസ്ഥ രീതിയിലാണ് സ്ഥലം ഏറ്റെടുക്കൽ ബാധിക്കുന്നത്. അതുകൊണ്ടുതന്നെ സെൻസസ് രീതിയിലുള്ള വിവരശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. ആയതിനാൽ പദ്ധതി ബാധിതമാകുന്ന മുഴുവൻ കൈവശഭൂമിയുടെ ഉടമകളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വില്ലേജ് ഭരണാധികാരികൾ, പൊന്നുംവില തഹസിൽദാർ, അർത്ഥനാധികാരി എന്നിവരിൽ നിന്നെല്ലാം വിവരശേഖരണം നടത്തിയാണ് കരടു റിപ്പോർട്ടിന് രൂപം കൊടുത്തിട്ടുള്ളത്.

## 3.4 വിവര സ്രോതസ്സുകളുടേയും വിവരങ്ങളുടേയും വിശകലനം.

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളെയും ആശ്രയിച്ചാണ് പഠനസംഘം വിവരശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരിൽ നിന്നും, ഭൂവുടമകളിൽ നിന്നും ലഭിച്ച ഭൂരേഖകളിൽ നിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളും, പദ്ധതി രേഖകളുമാണ് ദ്വീതീയ ഉറവിടങ്ങൾ.

## 3.5 പദ്ധതിയെക്കുറിച്ചുള്ള കൂടിയാലോചനയും, പബ്ലിക് ഹിയറിംഗിനെക്കുറിച്ചുള്ള വിവരണവും.

നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചും അതിന്റെ നിർമ്മാണ പ്രവർത്തനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ പ്രസക്തിയും പദ്ധതി പ്രദേശം ഉൾക്കൊള്ളുന്ന എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായും, പൊന്നുംവില തഹസിൽദാരുമായും വിശദമായി ചർച്ചചെയ്തിട്ടുള്ളതാണ്. കരടു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി നിശ്ചിത കാലയളവിനുശേഷം നടത്തേണ്ട പൊതുചർച്ചയുടെ (Public hearing) വിവരണം അന്തിമ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നതാണ്.


# അദ്ധ്യായം 4

## സ്ഥലത്തിന്റെ മൂല്യനിർണ്ണയം

### 4.1 ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടേയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം.

നിർദ്ദിഷ്ട പദ്ധതിപ്രദേസം സ്ഥിതിചെയ്യുന്നത് അഞ്ചുവില്ലേജുകളിലായിട്ടാണ്. ഓരോ സ്ഥലത്തെക്കുറിച്ചുമുള്ള വിവരണം താഴെ കൊടുക്കുന്നു.


1. ചെമ്പിലോട് ഗ്രാമപഞ്ചായത്തിനുവേണ്ടി ഇരിവേരി വില്ലേജിൽ ഏറ്റെടുക്കുന്ന 80.87 ആർ സ്ഥലം. ഇരിവേരി വില്ലേജിൽ റി.സ. 119/101 ൽപ്പെട്ട 80.87 ആർ സ്ഥലമാണ് ചെമ്പിലോടു ഗ്രാമപഞ്ചായത്തിനു വേണ്ടി കളിസ്ഥലം നിർമ്മിക്കുന്നതിന് ഏറ്റെടുക്കുന്നത്.



നിർദ്ദിഷ്ട പദ്ധതി പ്രകാരം ചക്കരക്കല്ല്-മൂന്നു പീടിക റോഡിൽ നന്ദനംമട്ട ബസ് സ്റ്റോപ്പിൽ നിന്നും, കണയന്നൂർ-വലിയവീട്ടിൽ വിഷ്ണു കുട്ടിച്ചാത്തൻ ക്ഷേത്രം റോഡിൽ ഏകദേശം 700 മീറ്റർ അകലെ ക്ഷേത്രത്തിന് സമീപമായി റോഡിന് വലതുവശത്തായി സ്ഥിതിചെയ്യുന്നു. ഇത് തോട്ടഭൂമിയാണ്. പ്രസ്തുത സ്ഥലത്ത് 100 ൽ പരം തെങ്ങുകളും നാൽപ്പത്തി ഏഴോളം തേക്കു മരങ്ങളുംകൊണ്ട് നിബിഡമാണ്. കൂടാതെ ഒരു മാവും,സ ഏഴു കശുമാവും മറ്റു പടുവൃക്ഷങ്ങളുമുണ്ട്.

2 വേങ്ങാട് ഗ്രാമപഞ്ചായത്തിനുവേണ്ടിപടുവിലായി വില്ലേജിൽ ഏറ്റെടുക്കുന്ന സ്ഥലം.

പടുവിലായി വില്ലേജിൽ റി.സ. 18/3, 18/4 ൽപ്പെട്ട 40.53 ആർ സ്ഥലമാണ് വേങ്ങോട് ഗ്രാമപഞ്ചാത്തിനു വേണ്ടി കളിസ്ഥലം നിർമ്മിക്കാൻ ഏറ്റെടുക്കാനുദ്ദേശിക്കുന്നത്.




മേപ്പടി സ്ഥലവും കരഭൂമിയാണ്. തെങ്ങ്, മാവ്, കശുമാവ്, തേക്ക്, ചന്ദനം, പടുമരം എന്നിവയാണ് ഈ പദ്ധതി പ്രദേശത്ത് കുഴിക്കൂറുകളായിട്ടുള്ളത്. മമ്പറം-അഞ്ചരക്കണ്ടി റോഡിൽ ചനപാട് ബസ് സ്റ്റോപ്പിൽ നിന്നും ഊർപ്പള്ള്കാട്ട് റോഡിൽ രണ്ടു കി.മി. അകലെയുള്ള എ.കെ.ജി. വായനശാലയിൽ നിന്നും ഊർപ്പള്ളി റോഡിൽ ഏതാണ്ട് 300 മീറ്റർ അകലെ സെമീർ ഊർപ്പള്ളിയുടെ വീടിന്റെ ഇടതുഭാഗത്തായിട്ടാണ് പദ്ധതിപ്രദേശം സ്ഥിതിചെയ്യുന്നത്.

3. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിനുവേണ്ടി, അഞ്ചരക്കണ്ടി വില്ലേജിൽ ഏറ്റെടുക്കുന്ന സ്ഥലം.


ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കളിസ്ഥലത്തിനുവേണ്ടി അഞ്ചരക്കണ്ടി വില്ലേജിലെ റി.സ. 19/101ൽ പ്പെട്ട 71.63 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയാണ് ഉത്തരവായിട്ടുള്ളത്.




നിർദ്ദിഷ്ട പദ്ധതി പ്രകാരം തലശ്ശേരി-ചാലോടു റോഡിൽ കണ്ണാടിവെളിച്ചം ജംഗ്ഷനിർനിന്നും വല ത്തോട്ടു മാറി മുരിങ്ങേരി റോഡിൽ ഏതാണ്ട് 300 മീറ്ററിനുശേഷം ഇടതുവശത്തുള്ള മുരിങ്ങേരി നോർത്ത് എൽ.പി.സ്കൂളിന്റെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതിചെയ്യുന്നു. പദ്ധതി പ്രദേശത്ത് ആകെ ഏഴു കൈവശക്കാരാണുള്ളത്. തെങ്ങ്, തേക്ക്, കശുമാവ്, ഇരൂൾ, പടുമരം എന്നിവയാണ് ഏറ്റെടുക്കുന്ന സ്ഥലത്തുള്ള കഴുക്കൂറുകൾ.

4. പെരളശ്ശേരി ഗ്രാമപഞ്ചായത്തിനുവേണ്ടി മക്രേരി വില്ലേജിൽ ഏറ്റെടുക്കുന്ന സ്ഥലം.


മക്രേരി വില്ലേജിൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട ആകെ 92.79 ആർ സ്ഥലമാണ് പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ, ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി, കളിസ്ഥലം നിർമ്മിക്കുന്നതിനായി ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളത്.




നിർദ്ദിഷ്ട പദ്ധതിസ്ഥലം സ്ഥിതിചെയ്യുന്നത് കണ്ണൂർ-കൂത്തുപറമ്പ് റോഡിൽ പെരളശ്ശേരി കമാനം ബസ് സ്റ്റോപ്പിൽ കെ.എസ്.ഇ.ബി. പെരളശ്ശേരിഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു സമീപം റോഡിന്റെ വലതു ഭാഗത്തായിട്ടാണ്. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, എന്നിവ ധാരാളമായി ഈ പദ്ധതി പ്രദേശത്ത് നിലവിലുണ്ട്. കൂടാതെ ഒട്ടേറെ കഴുമാവും, പടുമരങ്ങളും കാണപ്പെടുന്നുണ്ട്. ഏഴുപേരുടെ കൈവശ ത്തിലാണ് ഈ പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയുടെ രൂപകൽപ്പന അനുസരിച്ച് രണ്ടു കുടുംബ ങ്ങളെ പദ്ധതി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കേണ്ടി വരും

5. പിണറായി ഗ്രാമപഞ്ചായത്തിനുവേണ്ടി, പിണറായി വില്ലേജിൽ ഏറ്റെടുക്കുന്ന സ്ഥലം.

വിണറായി വില്ലേജിൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 203.25 ആർ സ്ഥലമാണ് പിണറായി ഗ്രാമപ ഞ്ചായത്തിൽ കളിസ്ഥലം നിർമ്മാണത്തിനായി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്.




തലശ്ശേരി-അഞ്ചരക്കണ്ടി റോഡിൽ പടന്നക്കര ജംഗ്ഷനിൽനിന്നും ആരകംഭിക്കുന്ന ചെക്കിഷിനിപാലം -കായക്കൂൽ റോഡിൽ ഏകദേശം ½ കിലോമീറ്റർ മാറി, റിഷാ വീ്ഡ് വർക്സിനു സമീപം റോഡിൽ നിന്നും 25 മീറ്റർ അകലെ ഇടതുഭാഗത്തായി സ്ഥിതിചെയ്യുന്നു. മൂന്നുപേരുടെ കൈവശത്തിലുള്ള പ്രസ്തുത പദ്ധതി പ്രദേശത്ത് ഇരുനൂറ്റി അൻപതോളം തെങ്ങുകളും ധാരാളം പടുമരങ്ങളുമുണ്ട്.

### 4.2 നിർദ്ദിഷ്ട പദ്ധതിക്ക് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഭൂമിയേക്കാൾ കൂടുതൽ സ്ഥലത്ത് പദ്ധതി ബാധിക്കുമോ?

കണ്ണൂർ ജില്ലയിൽ, കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെടുന്ന ധർമ്മടം മണ്ഡലത്തിലെ, പിണറായി, ചെമ്പിലോട്, അഞ്ചരക്കണ്ടി, പെരളശ്ശേരി, വേങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടിയാണ് പിണറായി, ഇരിവേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി എന്നീ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട 489.07 ആർ സ്ഥലം ഏറ്റെടുക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ള ഭൂമിയേക്കാൾ കൂടുതൽ സ്ഥലത്ത് ഒരു കാരണവശാലും പദ്ധതി ബാധിക്കുകയില്ല.

### 4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി.

ഗ്രാമീണ കളിസ്ഥലം പദ്ധതിയുടെ ഭാഗമായി ധർമ്മടം മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിലെ കളിസ്ഥല നിർമ്മാണത്തിനായി ആവശ്യമായത് പിണറായി, ഇരിവേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി എന്നീ വില്ലേജുകളിൽപ്പെട്ട 489.70 ആർ ഭൂമിയാണ്.

**4.3 പദ്ധതി പ്രദേശത്തിന്റെ സമീപത്തായി പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം.**

പദ്ധതി പ്രദേശങ്ങളുടെ അടുത്തായി പൊതുജനങ്ങൾ ഉപയോഗിച്ചുവരുന്ന പൊതു റോഡുകൾ ഉണ്ട്.

**4.5 പദ്ധതിയ്ക്കായി വിലയ്ക്ക് വാങ്ങിയിരിക്കുന്നതോ, പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിന്റേയും നിർദ്ദിഷ്ട ഉപയോഗം.**

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി മുൻപു ഭൂമി വാങ്ങുകയോ, പാട്ടത്തിനെടുക്കുകയോ ചെയ്തിട്ടില്ല. ഏറ്റെടുക്കാനുദ്ദേശിക്കുന്ന 489.07 ആർ ഭൂമിയും പിണറായി, ചെമ്പിലോട്, അഞ്ചരക്കണ്ടി, പെരളശ്ശേരി, വേങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് വേണ്ടിയാണ്.

**4.6 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവും പ്രദേശവും.**

ഗ്രാമീണകളിസ്ഥലം പാദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടിയാണ് പിണറായി, ഇരിവേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി വില്ലേജുകളിൽപ്പെട്ട489.07 ആർ ഭൂമി ഏറ്റെടുക്കുന്നത്. ഓരോ ഗ്രാമപഞ്ചായത്തിലും കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | പിണറായി ഗ്രാമപഞ്ചായത്ത് | - | 203.25 ആർ |
| 2. | ചെമ്പിലോട് ഗ്രാമപഞ്ചായത്ത് | - | 80.87 ആർ |
| 3. | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | - | 71.63 ആർ |
| 4. | പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | - | 92.79 ആർ |
| 5. | വേങ്ങാട് ഗ്രാമപഞ്ചായത്ത് | - | 40.53 ആർ |
| | **ആകെ** | - | **489.07 ആർ** |

**4.7 ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയ ഉണ്ടെങ്കിൽ ജലസേചത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം.**

പദ്ധതി പ്രദേശമാകെ ഇപ്പോൾ കരഭൂമിയായിട്ടാണ് സ്ഥിതിചെയ്യുന്നത്. ജലസേചനംകൊണ്ടു വിളവെടുക്കുന്ന പ്രദേശങ്ങളൊന്നും പദ്ധതി പ്രദേശത്തില്ല. ഇവിടെ തെങ്ങ്, മാവ്, പ്ലാവ്, കവുങ്ങ് എന്നീ ഫലവൃക്ഷങ്ങളുംതേക്ക്, ഇരൂൾ, മഹാഗണി എന്നീ വിലപിടിപ്പുള്ള മരങ്ങളും മറ്റു പടുമരങ്ങളുമുണ്ട്.

**4.8 പദ്ധതി പ്രദേശത്തെ ഓരോ കൈവശഭൂമിയുടെയും ആകൃതി, ഉടമസ്ഥതയും, താമസിക്കുന്നവരുടെ എണ്ണവും.**

ഏറ്റെടുക്കാനുദ്ദേശിക്കന്ന അഞ്ചു സ്ഥലങ്ങളും ഫലവൃക്ഷങ്ങളും മറ്റു മരങ്ഹളുമുള്ള പരന്നുകിടക്കുന്നതാണ്. പ്രസ്തുത പദ്ധതിക്ക് അനുയോജ്യവുമാണ്. ഓരോ സ്ഥലത്തിനും അതിന്റെ കൈവശക്കാരന് മതിയായ കൈവശ രേഖകളുള്ളതായി പഠനത്തിൽ മനസ്സിലാക്കാൻ സാദിച്ചു. പെരളശ്ശേരി ഗ്രാമപഞ്ചായത്തിനുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കന്ന സ്ഥലത്ത് രണ്ട് കുടുംബങ്ങൾ താമസിച്ചുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി പ്രസ്തു കുടുബങ്ങളെ കുഴിയൊഴിപ്പിക്കേണ്ടി വരും. ഏറ്റെടുക്കാനുദ്ദേശിക്കുന്ന മറ്റൊരിടത്തും ബാധിത കുടുംബങ്ങൾ താമസിക്കുന്നില്ല.

## അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവഹകളെക്കുറിച്ചുമുള്ള കണക്ക്.

## 5.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിമൂലംസ്വന്തമായി സ്ഥലവും കുഴുക്കൂർ ചമയങ്ങളും നഷ്ടപ്പെടുന്ന വ്യക്തികളോ കുടുംബങ്ങളോ 767 ആണ്. പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കൈവശക്കാരന്റെ പേരും വിലാസവും | ഭൂമിയുടെ തരം | ഏകദേശ വിസ്തീർണ്ണം | ബാധിതമാകുന്ന വസ്തു വഹകളുടെ വിവരങ്ങൾ |
|---|---|---|---|---|
| 1 | പാച്ചോൻകണ്ണോത്ത് പ്രശാന്തൻ, S/o ഗോപാലൻ, തീഷ മൻസിൽ, മൗവ്വഞ്ചേരി- പി.ഒ, കണ്ണൂർ | പുരയിടം | 80.87 ആർ | തെങ്ങ് - 104,<br>മാവ് - 1<br>തേക്ക് - 47<br>കശുമാവ് - 7<br>പടുമരം - 15 |
| 2 | 1. റഷീദ്, കൊട്ടത്തിൽ W/o അബ്ദുള്ള, ദാറുന്നജാത്ത് കല്ലായി. പി.ഒ, അഞ്ചരക്ക ി<br>2. ഷക്കീല, W/o ഫാറൂക്ക്, ഫാത്തിമ മൻസിൽ കല്ലായി. പി.ഒ,ഹാജിമുക്ക്, അഞ്ചരക്ക ി | പുരയിടം | 40.53 ആർ | തെങ്ങ് - 18<br>മാവ് - 1<br>ചന്ദ്രം - 1<br>കശുമാവ് - 12<br>തേക്ക് - 1<br>പടുമരം - 18 |
| 3 | നള്ള വീട്ടിൽ പ്രമോദൻ, നന്ദനം ചാല- പി.ഒ, തോട്ടട കണ്ണൂർ | പുരയിടം | 7.59 ആർ | തെങ്ങ് - 1<br>പടുമരം - 20<br>ഇരൂൾല - 2 |
| 4 | വിമിത്ത്. പി.കെ അരുണോദയം, പെരുന്താറ്റിൽ പി.ഒ. പിണറായി, തലശ്ശേരി | പുരയിടം | 4.46 ആർ | മതിൽ |
| 5 | ആലക്ക ി ജനാർദ്ദനൻ മുതൽ പേർ കൊറ്റംപാറക്കൽ ഹൗസ്, ചെമ്പിലോട്, കോയിലോട് - പി.ഒ | പുരയിടം | 9.81 ആർ | തെങ്ങ് - 2<br>തേക്ക് -- 2<br>പടുമരം - 20 |
| 6 | സന്ധ്യാവിവേക്, 'സുകൃതി' വെൽഡിംഗ് റോഡ്, 41-ാം മൈൽ പൊന്നിയം വെസ്റ്റ് - പി.ഒ, തലശ്ശേരി | പുരയിടം | 7.99 ആർ | തെങ്ങ് - 2<br>കശുമാവ് - 4<br>തേക്ക് - 1<br>പടുമരം - 20 |
| 7 | അജയൻ, കണ്ണമ്പേത്ത് പുതിയപറമ്പത്ത് വീട് കണ്ണാടിവെളിച്ചം, മാമ്പ- പി.ഒ | പുരയിടം | 17.81 ആർ | തെങ്ങ് - 4<br>പടുമരം - 1 |
| 8 | സുശീല ആലക്ക ി മുതൽ പേർ സുശീല നിവാസ്, തിലന്നൂർ- പി.ഒ | പുരയിടം | 9.81 ആർ | പടുമരം - 15 |
| 9 | ആലക്ക ി യശോദ കരുവാങ്ക ി ഹൗസ്, കമാൽപീടിക ഏച്ചൂർ - പി.ഒ | പുരയിടം | 24 സെന്റ് | മാവ് - 1,<br>പ്ലാവ് - 1<br>കശുമാവ്- 1<br>പടുമരം - 40 |
| 10 | ചാലിൽ വിനീത മു ല്ലൂർ - പി.ഒ | പുരയിടം | 2 സെന്റ് | - |

| | | | | |
|---|---|---|---|---|
| 11 | ദിവാകരൻ പുത്തലത്ത്<br>മു ല്ലൂർ - പി.ഒ | പുരയിടം | 3 സെന്റ് | ഷോപ്പ് മുഴുവനായും |
| 12 | റുഷാലി & റെലിവ്യ രമേഷ്<br>സീനാ നിവാസ്, മു ല്ലൂർ- പി.ഒ | പുരയിടം | 25 സെന്റ് | തെങ്ങ് - 36,<br>കവുങ്ങ് - 41<br>മാവ് - 2, പ്ലാവ് - 1<br>പടുമരം - 17<br>കിണർ, സെപ്ടിക് ടാങ്ക്,<br>മതിൽ, ഗയിറ്റ്, വീട് |
| 13 | പി.സി. വിജയൻ<br>പി.സി. ഹൗസ്, മൂന്നുപെര്യ | പുരയിടം | 28 സെന്റ് | തെങ്ങ് - 16<br>കവുങ്ങ് - 12<br>മാവ് - 1, പടുമരം - 5<br>കശുമാവ് - 1 |
| 14 | തുരുത്തേരി ലീല അമ്മ<br>വയലിൽ ഹൗസ്, മു ല്ലൂർ - പി.ഒ | പുരയിടം | 22 സെന്റ് | തെങ്ങ് - 5, കിണർ - 1<br>സെപ്ടിക് ടാങ്ക് - 1<br>വീട് (12/88)മുഴുവനായും |
| 15 | തുരുത്തേരിപ്രേമലത, C/o ലീല അമ്മ<br>വയലിൽ ഹൗസ്, മു ല്ലൂർ - പി.ഒ | പുരയിടം | 20 സെന്റ് | തെങ്ങ് - 12<br>കവുങ്ങ് - 16<br>പ്ലാവ് - 1 |
| 16 | ചാക്യാർക ി കുന്നുപുറം ഖാലിദ്<br>പുതിയപുരയിൽ, മു ല്ലൂർ - പി.ഒ | പുരയിടം | 53 സെന്റ് | തെങ്ങ് - 41<br>കവുങ്ങ് - 26<br>മാവ് - 1<br>പടുമരം - 5 |
| 17 | നാരായണി അമ്മ, ഗീതാ ഭവൻ<br>കടമ്പൂര്, പി.ഒ. കാടാച്ചിറ | പുരയിടം | 44 സെന്റ് | - |
| 18 | അന്നമ്മ രവീന്ദ്രൻ<br>രവീന്ദ്രൻ കറുത്ത കുന്നുംപുറത്ത്<br>പിണറായി - പി.ഒ. | പുരയിടം | 1.9989 ഹെക്ടർ | തെങ്ങ് - 224<br>പടുമരം - 48 |
| 19 | രവീന്ദ്രൻ കറുത്ത കുന്നുംപുറത്ത്<br>പിണറായി - പി.ഒ. | പുരയിടം | 5 സെന്റ് | - |
| 20 | ഷാജു.ടി. കോയിപ്രത്ത് ഹൗസ്<br>'നികുഞ്ജം', വാഴയിൽ<br>പിണറായി - പി.ഒ | പുരയിടം | 3 സെന്റ് | തെങ്ങ് - 8 |

### 5.1(a) പദ്ധതി പ്രദേശത്തുനിന്നും പുനരധിവസിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങൾ.

1. റുഷാലി & റെലിവ്യ രമേഷ്, 'സീനാ നിവാസ്', മു ല്ലൂർ- പി.ഒ.
2. തുരുത്തേരി ലീല അമ്മ, വയലിൽ ഹൗസ്, മു ല്ലൂർ - പി.ഒ

### 5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടികവർഗ്ഗ/ആദിവാസി കുടുംബങ്ങൾ.

ഇത്തരം കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല

### 5.3 .ഭൂമി ഏറ്റെടുക്കുന്നതുമൂലം ഉപജീവനത്തിനായി പൊതുവിഭവങ്ങളെ ആശ്രയിക്കുന്ന കുടുംബങ്ങൾ

ഇല്ല.

**5.4 കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ പതിച്ചുകിട്ടിയ സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ.**

ഇല്ല.

**5.5 മൂന്നു വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ.**

അഞ്ചു ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയും ഏറ്റെടുക്കുന്ന സ്ഥലം ഗ്രാമീണ മേഖലയിലാണ്.

**5.6 പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതർ. (ഏറ്റെടുക്കുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാത ബാധിതരാകുന്നവർ)**

ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ്മൂലംപരോക്ഷമായി ആഘാത ബാധിതമാകുന്നത് ഒരു രാഷ്ട്രീയ പാർട്ടിക്കാണ്. പദ്ധതി പ്രദേശത്തുള്ള ഒരു കടയുടെ മുകളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഓഫീസിനെയാണ് ബാധിക്കുന്നത്.

## അദ്ധ്യായം 6

## സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം

## (പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും)

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമൂലം ആഘാത ബാധിതരാകുന്ന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കൈവശക്കാരന്റെ പേരും വിലാസവും | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | പാച്ചോൻകണ്ണോത്ത് പ്രശാന്തൻ, S/o ഗോപാലൻ, തീഷ മൻസിൽ, മൗവ്വഞ്ചേരി- പി.ഒ, കണ്ണൂർ | 2 | 2 | 4 |
| 2 | 1. റഷീദ്, കൊട്ടത്തിൽ W/o അബ്ദുള്ള, ദാറുന്നജാത്ത് കല്ലായി. പി.ഒ, അഞ്ചരക്ക  ി<br>2. ഷക്കീല, W/o ഫാറൂക്ക്, ഫാത്തിമ മൻസിൽ കല്ലായി. പി.ഒ,ഹാജിമുക്ക്, അഞ്ചരക്ക  ി | 8 | 3 | 11 |
| 3 | നല്ല വീട്ടിൽ പ്രമോദൻ, നന്ദനം ചാല- പി.ഒ, തോട്ടട കണ്ണൂർ | 2 | 2 | 4 |
| 4 | വിമിത്ത്. പി.കെ അരുണോദയം, പെരുന്താറ്റിൽ പി.ഒ. പിണറായി, തലശ്ശേരി | 1 | 0 | 1 |
| 5 | ആലക്ക  ി ജനാർദ്ദനൻ മുതൽ പേർ, കൊറ്റംപാറക്കൽ ഹൗസ്, ചെമ്പിലോട്, കോയിലോട് - പി.ഒ | 3 | 1 | 4 |
| 6 | സന്ധ്യാവിവേക്, 'സുകൃതി' വെൽഡിംഗ് റോഡ്, 41-ാം മൈൽ പൊന്നിയം വെസ്റ്റ് - പി.ഒ, തലശ്ശേരി | 1 | 0 | 1 |
| 7 | അജയൻ, കണ്ണമ്പേത്ത് പുതിയപറമ്പത്ത് വീട് കണ്ണാടിവെളിച്ചം, മാമ്പ- പി.ഒ | 2 | 2 | 4 |
| 8 | സുശീല ആലക്ക  ി മുതൽ പേർ സുശീല നിവാസ്, തിലന്നൂർ- പി.ഒ | 2 | 2 | 4 |
| 9 | ആലക്ക  ി യശോദ കരുവാങ്ക  ി ഹൗസ്, കമാൽപീടിക ഏച്ചൂർ - പി.ഒ | 3 | 3 | 6 |
| 10 | ചാലിൽ വിനീത മു  ല്ലൂർ - പി.ഒ | 0 | 1 | 1 |
| 11 | ദിവാകരൻ പുത്തലത്ത് മു  ല്ലൂർ - പി.ഒ | 1 | 0 | 1 |

| | | | | |
|---|---|---|---|---|
| 12 | റുഷാലി & റെലിവ്യ രമേഷ്<br>സീനാ നിവാസ്, മു ല്ലൂർ- പി.ഒ | 0 | 4 | 4 |
| 13 | പി.സി. വിജയൻ<br>പി.സി. ഹൗസ്, മൂന്നുപെര്യ | 1 | 2 | 3 |
| 14 | തുരുത്തേരി ലീല അമ്മ<br>വയലിൽ ഹൗസ്, മു ല്ലൂർ - പി.ഒ | 1 | 3 | 4 |
| 15 | തുരുത്തേരി പ്രേമലത,<br>C/o ലീല അമ്മ<br>വയലിൽ ഹൗസ്, മു ല്ലൂർ - പി.ഒ | 3 | 1 | 4 |
| 16 | ചാക്യാർക ി കുന്നുപുറം ഖാലിദ്<br>പുതിയപുരയിൽ, മു ല്ലൂർ - പി.ഒ | 1 | 0 | 1 |
| 17 | നാരായണി അമ്മ, ഗീതാ ഭവൻ<br>കടമ്പൂര്, പി.ഒ. കാടാച്ചിറ | 1 | 2 | 3 |
| 18 | അന്നമ്മ രവീന്ദ്രൻ<br>രവീന്ദ്രൻ കറുത്ത കുന്നുംപുറത്ത്<br>പിണറായി - പി.ഒ. | 1 | 1 | 2 |
| 19 | രവീന്ദ്രൻ കറുത്ത കുന്നുംപുറത്ത്<br>പിണറായി - പി.ഒ. | 1 | 1 | 2 |
| 20 | ഷാജു.ടി. കോയിപ്രത്ത് ഹൗസ്<br>'നികുഞ്ജം', വാഴയിൽ<br>പിണറായി - പി.ഒ | 2 | 2 | 4 |

## 6.2 പദ്ധതി ബാധിത കുടുംബങ്ങളുടടെ വരുമാനത്തിന്റെയും ജീവിത നിലവാരത്തിന്റെയും വിവരം:

### 6,2.1 പ്രതിവർഷ വരുമാനം.

| ക്രമ നം. | വരുമാന നിലവാരം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | 50,000 രൂപയ്ക്ക് താഴെ | - | - |
| 2 | 50,001 മുതൽ 1,00,000 വരെ | 4 | 20 % |
| 3 | 1,00,001 മുതൽ 5,00,000 വരെ | 11 | 55 % |
| 4 | 5,00,000 നു മുകളിൽ | 5 | 5.4% |
| | **ആകെ** | **20** | **100%** |

### 6.2.2 ബാധിത കുടുംബങ്ങളുടെ മതാടിസ്ഥാനത്തിലുള്ള കണക്ക്.

| മതം | എണ്ണം | ശതമാനം |
|---|---|---|
| ഹിന്ദു | 18 | 90 % |
| മുസ്ലിം | 2 | 10 % |
| മറ്റുള്ളവർ | - | - |
| ആകെ | 20 | 100 % |

### 6.2.3 വരുമാനത്തെ അടിസ്ഥാനപ്പെടുത്തി പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം.

| ക്രമ നം. | വരുമാന ശ്രോതസ്സ് | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | ഗവൺമെന്റ് സർവ്വീസ് | - | |
| 2 | പ്രൈവറ്റ് ജോലി/ ബാങ്ക് | 6 | 30 % |
| 3 | കച്ചവടം | 3 | 15 % |
| 4 | കൂലി | - | - |
| 5 | ഭൂസ്വത്ത് | 8 | 40 % |
| 6 | വിദേശം | 3 | 15 % |
| 7 | പെൻഷനർ | | |
| 8 | വെളിപ്പെടുത്താത്തവർ | | |
| | ആകെ | 20 | 100 % |

### 6.2.4 റേഷൻ കാർഡ് അനുസരിച്ചുള്ള സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം

| ക്രമ നം | റേഷൻ കാർഡ് വിഭാഗം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | എ.പി.എൽ | 20 | 100 % |
| 2 | ബി.പി.എൽ | - | - |

| | | | |
|---|---|---|---|
| 3 | കാർഡ് ഇല്ലാത്തവരോ, വിവരം നൽകുവാൻ വിസമ്മ തിച്ചവരോ | - | - |
| | **ആകെ** | **20** | **100 %** |

## 6.3 വൾനറബിൾ ഗ്രൂപ്പ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള 2013 ലെ അവകാശ നിയമത്തിൽ വിശേഷിച്ചും പട്ടിക പ്രദേശത്തു താമസി ച്ചുവരുന്ന ദുർബല വിഭാഗക്കാരായ പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ഭൂമി ഏറ്റെടുക്കു മ്പോൾ നഷ്ടപരിഹാരത്തിന് സ്വിശേഷമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാത്രവുമല്ല, പട്ടിക പ്രദേ ശങ്ങളിൽ നിന്നുള്ള കുടിയിറക്കിലിന്റെ സംഗതിയിൽ ബാധിക്കപ്പെട്ട അത്തരം കുടുംബങ്ങളെ കഴിയാ വുന്നിടത്തോളം ഗോത്രസമുദായങ്ങളുടെ സാമ്പത്തിക അവസരങ്ങളും, ഭാഷയും, സംസ്കാരവും, സാമൂഹ്യജീവിതവും സംരക്ഷിക്കാവുന്ന തരത്തിൽ സമാന ഭൂമിശാസ്ത്ര മേഖലകളിൽ തന്നെ പുനരധി വസിപ്പിക്കണമെന്നുകൂടി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരംകുടുംബങ്ങൾ ഒന്നുംതന്നെ ഈ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല.

## 6.4 ഭൂമിയിടെ ഉപയോഗവും ഉപജീവന മാർഗ്ഗവും.

നിർദ്ദിഷ്ട പദ്ധതിപ്രദേശം കരഭൂമിയാണ്. ധാരാളം തെങ്ങ്, കവുങ്ങ്, പ്ലാവ്, കശുമാവ്, മാവ് എന്നിവ വളരുന്ന പ്രദേശമാണ്. പദ്ധതി ബാധിത കുടുംബങ്ങൾ കച്ചവടം, പ്രൈവറ്റ് ജോലി, ഭൂമിയിൽ നിന്നുള്ള വരുമാനം, വിദേശം എന്നീ ഘടകങ്ങളെ ആശ്രയിച്ചുള്ളതാണ് ഉപജീവന മാർഗ്ഗം.

## 6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ.

പ്രാദേശിക തലത്തിൽ സാമ്പത്തിക പ്രവർത്തനം കച്ചവടത്തിലൂടെയും കൃഷിയിലൂടെയുമാണ്..

## 6.6 പ്രാദേശികമായ ഉപജീവനത്തിന് സംഭാവന ചെയ്യുന്ന ഘടകങ്ങൾ.

മേൽപ്പറഞ്ഞ കച്ചവടവും കൃഷിയുംതന്നെ.

## 6.7 സാമുദായിക-സാംസ്കാരിക സംഘടനകളുടെ ആധിപത്യം.

ഇത്തരം സംഘടനകളൊന്നും പദ്ധതി പ്രദേശത്ത് നിലവിലുള്ളതായി പഠനത്തിൽ കണ്ടെത്തിയിട്ടില്ല.

## 6.8 ഭരണപരമായ സംഘടനകൾ.

ഇല്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ.

ബാധിത കുടുംബങ്ങൾ വിവിധ രാഷ്ട്രീയ സംഘടനകളിൽ ഉൾപ്പെട്ടവരാണ്. പദ്ധതി പ്രദേശത്തു പ്രവർത്തിച്ചുവരുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ ഓഫീസിനെ ഈ സ്ഥലം ഏറ്റെടുക്കൽ നടപടി ബാധിക്കും.

### 6.10 സാമൂഹ്യം-സാമുദായികം- ജാതി എന്നിവയെ അടിസ്ഥാനമാക്കിയും പൗരവൃന്ദങ്ങളെ അടിസ്ഥാനമാക്കിയുമുള്ള സംഘടനകൾ.

പഠനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

### 6.11 പദ്ധതി പ്രദേശത്തെ പ്രാദേശിമായ ചലനാത്മകതയും ചരിത്രപരമായ പരിണാമ ക്രമവും.

പഠനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

### 6.12 ജീവിതചുറ്റുപാടിന്റെ സ്വഭാവം.

പദ്ധതി ബാധിത കുടുംബങ്ങൾ കച്ചവടക്കാർ, സ്വകാര്യസ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ, കൃഷിക്കാർ, സ്വയം തൊഴിൽ കണ്ടെത്തുന്നവർ എന്നീ വിഭാഗത്തിൽ പെട്ടവരാണ്

## അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പ്ലാൻ

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ അവകാശ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു പൊതു ആവശ്യത്തിനായി സർക്കാർ സ്ഥലം ഏറ്റെടുക്കുമ്പോൾ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും തയ്യാറാക്കേണ്ടത് അനിവാര്യമാണ്. സ്ഥലം ഏറ്റെടുക്കുന്നതുമൂലം ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഉണ്ടായേക്കാവുന്ന ഗുണകരമായ പ്രയോജനങ്ങളും ദോഷകരമായ ആഘാതങ്ങളും കണ്ടെത്തുക, വിപരീത ഫലങ്ങൾ ദൂരികരിക്കാനുള്ള നടപടികൾ നിർദ്ദേശിക്കുക, എന്നവയോടൊപ്പം തന്നെ നിർദ്ദേശിക്കപ്പെട്ട പദ്ധതിയാൽ ബാധിക്കപ്പെട്ട കുടുംബങ്ങളുടെ ജീവിതമാർഗ്ഗം, പൊതുസാമൂഹ്യ സ്വത്തുക്കൾ, ആസ്തികൾ, പശ്ചാത്തല അംവിധാനങ്ങളും പ്രത്യേകിച്ച് റോഡുകൾ, പൊതുഗതാഗതം, ഡ്രെയിനേജ്, ശുചീകരണം, കുടിവെള്ള ഉറവകൾ, കന്നുകാലികൾക്കുള്ള ജലസ്രോതസ്സുകൾ, പൊതു കുളങ്ങൾ, മേച്ചിൽ പുറങ്ങൾ, തോട്ടങ്ങൾ എന്നിവയ്ക്കും, പോസ്റ്റോഫീസുകൾ, ന്യായവില ഷോപ്പുകൾ, ഭക്ഷ്യധാന്യങ്ങളുടെ സംഭരണശാലകൾ, വൈദ്യുതി വിതരണം, ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന ആഘാതങ്ങളും കണ്ടെത്തുകയാണ് സാമൂഹ്യ പ്രത്യാഘാത പഠനംകൊണ്ട് ലക്ഷ്യമിടുന്നത്. കുഴിക്കൂർ ചമയങ്ങളോട് കൂടിയോ, അല്ലാതെയോ ഏറ്റെടുക്കൽമൂലം സ്ഥലം നഷ്ടപ്പെടുന്ന കൈവശക്കാരുടെ പരമപ്രധാനമായ ആവശ്യം അവരുടെ സ്ഥലത്തിനും, കുഴിക്കൂർ ചമയങ്ങൾക്കും മതിയായ നഷ്ടപരിഹാരം ലഭിക്കുക എന്നതാണ്. ഭൂവുടമകൾക്കുണ്ടാവുന്ന അത്തരം പ്രത്യാഘാതങ്ങളെ മറികടക്കുന്നതിനുള്ള പ്രതിവിധി നഷ്ടപ്പെടുന്ന സ്ഥലത്തിനും കുഴിക്കൂർ ചയമങ്ങൾക്കും നിലവിലുള്ള കമ്പോള വിലയനുസരിച്ചു നഷ്ടപരിഹാരതുക കണക്കാക്കുകയും അത് എത്രയും വേഗത്തിൽ ബാധിത കുടുംബങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്. അതുകൂടാതെ ഭൂമി ഏറ്റെടുക്കൽ മൂലം താമസിക്കുന്ന വീടും സ്ഥലവനും നഷ്ടപ്പെടുന്ന കുടുംബങ്ങൾക്കും മറ്റു അർഹതപ്പെട്ട കുടുംബങ്ങൾക്കും 2013 ലെ സ്ഥലം ഏറ്റെടുക്കൽ നിയമത്തിലെ രണ്ടാം പട്ടിക പ്രകാരമുള്ളതും GO(MS) No. 448/2017/RD Dated 29/12/2017 അനുസരിച്ചുള്ള പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങൾക്ക് മൂന്നാം പട്ടികയനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ അർത്ഥനാധികാരിയുടെ ചെലവിൽ, അത്തരം കുടുബങ്ങളെ ഏറ്റെടുക്കുന്ന സ്ഥലത്തു നിന്നും ഒഴിപ്പിക്കുന്നതിന് മുമ്പായി തന്നെ പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ ഭൂമി ഏറ്റെടുക്കൽ മൂലം വാടകക്കാരായ കച്ചവടക്കാർക്കും അത്തരം കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും GO(MS) No. 448/2017/RD Dated 29/12/2017 പ്രകാരം പുനരധിവാസസ, പുനഃസ്ഥാപന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്

## 7.2 ആഘാതം ഒഴിവാക്കാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ.

കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് ആകെ ഏറ്റെടുക്കുന്നത് 498.07 ആർ ഭൂമിയാണ്. പദ്ധതി പ്രദേശത്ത് രണ്ടു കുടുംബങ്ങൾ താമസിച്ചുവരുന്ന വീടുകളും ഒരു കച്ചവട സ്ഥാപനവുമുണ്ട്. പദ്ധതി പ്രദേശത്തുള്ള നിരവധി തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, കശുമാവ്, എന്നീ ഫലവൃക്ഷങ്ങളും മറ്റ് ഒട്ടനേകം പടുമരങ്ങളെയും താമസിച്ചുവരുന്ന രണ്ടു കുടുംബങ്ങളെയും ഒരു കടയെയുമാണ് ഈ സ്ഥലം ഏറ്റെടുക്കൽ നടപടി ദോഷകരമായി ബാധിക്കുന്നത്. പദ്ധതി പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ ഓഫീസിനെ ഈ ഭൂമി ഏറ്റെടുക്കൽ നടപടി പരോക്ഷമായി ബാധിക്കുന്നുണ്ട് 2013 ലെ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വിവിധ വകുപ്പുകളനുസരിച്ചും, 23/9/2015 നുള്ള ജി.ഒ. (എം.എസ്) നമ്പർ. 485/2015/ആർ.ഡി പ്രകാരം സർക്കാർ രൂപംകൊടുത്ത നയമനുസരിച്ചും (Policy) നൽകുന്ന നഷ്ടപരിഹാര തുകയും പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങളും പുനരധിവാസ കേന്ദ്രത്തിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും പദ്ധതിമൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെ നല്ലൊരു അളവുവരെ ദൂരീകരിക്കാൻ കഴിയും.

## 7.3 നിയമത്തിൽ പ്രതിപാദിക്കുന്നതു പ്രകാരം പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി സ്ഥലം, കുഴിക്കൂർ ചമയങ്ങൾ എന്നിവ നഷ്ടപ്പെടുന്ന ഓരോ കൈവശക്കാരനും 2013 ലെ RFCTLARR നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകളനുസരിച്ചുള്ള (പട്ടിക 1) നഷ്ടപരിഹാര തുക ലഭിക്കാനുള്ള അർഹതയുണ്ട്. പ്രസ്തുത നിയമത്തിലെ 26-ാം വകുപ്പനുസരിച്ച് സ്ഥല വില നിർണ്ണയിക്കാനുള്ള അധികാരം പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ വിഭാഗം തഹസിൽദാർക്ക് ആയിരിക്കും. ഏറ്റെടുക്കുന്ന വസ്തുവിലെ ചമയങ്ങൾ പ്രസ്തുത നിയമത്തിലെ 29(1) വകുപ്പ് പ്രകാരം പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനിയറും, കുഴിക്കൂറുകളും മറ്റും കൃഷിവകുപ്പ്, വനം വകുപ്പ് എന്നിവയിലെ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരും, സ്ഥലം ഏറ്റെടുക്കുന്ന വേളയിൽ നഷ്ടപ്പെടുന്ന നിലവിലെ വിളകളുടെ വില നിർണഅണയിക്കേണ്ടത് 29 (3) വകുപ്പ് പ്രകാരം കൃഷിവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥറുമായിരിക്കണം.

കൂടാതെ പ്രസ്തുത നിയമത്തിലെ 31-ാം വകുപ്പു പ്രകാരം, സ്ഥലം ഏറ്റെടുക്കുന്നതുമൂലം കുടിയൊഴിപ്പിക്കപ്പെടേണ്ടി വരുന്ന കുടുംബങ്ങൾക്ക് ഒന്നാം പട്ടിക പ്രകാരമുള്ള നഷ്ടപരിഹാരം കൂടാതെ പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. (പട്ടിക 2 &3) നിർദ്ദിഷ്ട പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ മൂലം പുനരധിവസിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങൾക്ക് ആർഹമായ പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ താഴെ കൊടുക്കുന്നു.

1. 50 ച. മീറ്ററിൽ കുറയാത്ത തറ വിസ്തീർണ്ണമുള്ള ഇന്ദിരാ വികാസ് യോജനയുടെ വ്യവസ്ഥകളനുസരിച്ചു പണി പൂർത്തിയാക്കിയ ഒരു വീട് അല്ലെങ്കിൽ 3 ലക്ഷം രൂപ.

2. പ്രതിമാസം 5000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് ഉപജീവന ഗ്രാന്റ്.
3. ഗതാഗത ചെലവ് ഇനത്തിൽ 50,000 രൂപ ഒറ്റത്തവണ സാമ്പത്തിക സഹായം.
4. പുനഃസ്ഥാപനത്തിനുള്ള ഒറ്റത്തവണ അലവൻസായി 50,000 രൂപ.

പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ന്യായമായ നിലവാരത്തിലുള്ള സാമൂഹിക ജീവിതം ഉറപ്പാക്കുന്നതിന് കുടിയൊഴിപ്പിക്കപ്പെടലിന്റെ ഫലമായുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനും പ്രസ്തുത സ്ഥലത്ത് ഭൂമി ഏറ്റെടുക്കുന്ന അധികാര കേന്ദ്രത്തിൽ ചെലവിൽ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ മൂന്നാം പട്ടിക പ്രകാരമുള്ള അടിസ്ഥാന സേവന സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതാണ്.

കൂടാതെ പദ്ധതി പ്രദേശത്ത് വാടകയ്ക്ക് വ്യാപരം ചെയ്യുന്നവരും, അത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും താഴെ പറയുന്ന പുനഃസ്ഥാപന ആനുകൂല്യങ്ങൾക്ക് ജിഒ. (എം.എസ്.) നമ്പർ 448/2017/ആർ.ഡി തിയ്യതി 29/12/2017 പ്രകാരം അർഹതയുണ്ട്. 1). ഭൂമി ഏറ്റെടുക്കൽ മൂലം കച്ചവടസ്ഥാപനങ്ങൾ ഒഴിയേണ്ടി വരുന്ന വാടക കച്ചവടക്കാർക്ക് ഒറ്റത്തവണയായി രണ്ടുലക്ഷം രൂപ ലഭിക്കുവാനുള്ള അർഹതയുണ്ട്. എന്നാൽ ഈ ആനുകൂല്യം കമ്പനി, ബാങ്ക്, സാമ്പത്തിക സ്ഥാപനങ്ങൾ, 2000 സ്ക്വയർ മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കച്ചവട സ്ഥാപനങ്ങൾ, എന്നിവയ്ക്ക് ലഭിക്കുന്നതല്ല. 2). ഇത്തരം കച്ചവട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നതും സ്ഥലം ഏറ്റെടുക്കൽമൂലം തങ്ങളുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നതുമായ തൊഴിലാളികൾക്ക് മാസത്തിൽ 6000 രൂപ നിരക്കിൽ 6 മാസത്തേക്ക് സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നതാണ്. പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ അർഹരായ കുടുംബങ്ങൾക്ക് അനുവദിക്കുന്നത് RFCTLARR നിയമത്തിലെ 43-ാം വകുപ്പ് പ്രകാരം നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ പുനരധിവാസ, പുനഃസ്ഥാപന പദ്ധതി പ്രസ്തുത നിയമത്തിലെ 44-ാം വകുപ്പു പ്രകാരം നിയോഗിക്കപ്പെടുന്ന പുരനധിവാസ-പുനഃസ്ഥാപന കമ്മീഷണർ അംഗീകരിച്ചതിനുശേഷമാണ്.

## 7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ.

ഒന്നും പ്രസ്താവിച്ചിട്ടില്ല.

## 7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ.

നിലവിലുള്ള പദ്ധതിയുടെ രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ട ആവശ്യം ഇപ്പോഴില്ല..

## 7.6 ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി എന്നീ താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ അഞ്ചു പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടി, പിണറായി, ഇരിവേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി എന്നീ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 489.07 ആർ സ്ഥലം ഏറ്റെടു

ക്കലുമായി ബന്ധപ്പെട്ടു നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ കണ്ടെത്തിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിനുള്ള ഒരു സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പ്ലാനിന് രൂപം കൊടുത്തു.

## 1. നഷ്ടപരിഹാരത്തെക്കുറിച്ചുള്ള ആശങ്ക.

ഓരോ ഭൂമി ഏറ്റെടുക്കൽ നടപടിയിലും ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ഒരു പ്രധാന ആശങ്ക എനഅനത് അവർക്ക് നഷ്ടമാകുന്ന സ്ഥലത്തിനും, കുഴിക്കൂർ ചമയങ്ങൾക്കും ന്യായമായ നഷ്ട പരിഹാരത്തുക ലഭിക്കുമോ എന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള ഭൂ ഉടമകളുടെ ആശങ്ക തീർത്തും അസ്ഥാനത്താണ്. കാരണം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകൾ (പട്ടിക ഒന്ന്) ന്യായമായ നഷ്ടപരിഹാരത്തുക ബാധിക്കപ്പെടുന്ന ഓരോ വ്യക്തിക്കും / കുടുംബത്തിനും ലഭിക്കുവാൻ ഉറപ്പുവരുത്തുന്നു.

## 2. കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾ.

2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ ഒന്നാം പട്ടിക പ്രകാരമുള്ള നഷ്ടപരകിഹാരത്തിനു പുറമെ കുടിയിറക്കപ്പെടുന്ന ഓരോ കുടുംബത്തിനും പ്രസ്തുത നിയമത്തിലെ രണ്ടാം പട്ടിക അനുസരിച്ചും സർക്കാറിന്റെ GO (MS) No. 448/2017/RD dt 29/12/2007 എന്ന ഉത്തരവ് അനുസരിച്ചും പുനരധിവാസ, പുനഃസ്ഥാപനങ്ങൾക്കുള്ള ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ബാധിക്കപ്പെട്ട കുടുംബത്തിന് നഷ്ടപരിഹാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ സ്ഥലം ഏറ്റെടുക്കാൻ അധികാരമുള്ളൂ. നഷ്ടപരിഹാര തുക അവാർഡിന് ശേഷം മൂന്നു മാസത്തിലുള്ളിലും, പുനരധിവാസ, പുനഃസ്ഥാപനത്തിനുള്ള സാമ്പത്തിക ആനുകൂല്യം ആറുമാസത്തിനുള്ളിലും ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിൽ മൂന്നാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ അവാർഡു തിയ്യതിക്കുശേഷം പതിനെട്ടു മാസത്തിനകം എല്ലാ അർത്ഥത്തിലും പൂർത്തീകരിക്കേണ്ടതാണ്.

ബാധിക്കപ്പെടുന്ന വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ അനുവദിക്കപ്പെട്ടിട്ടുള്ള നഷ്ടപരിഹാരതുകയും, പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങളും ന്യായവും മുതാര്യവുമായ രിതിയില്ല എന്നാക്ഷേപമുണ്ടെങ്കിൽ പ്രസ്തുത നിയമത്തിലെ 51-ാം വകുപ്പ് അനുസരിച്ച് സ്ഥാപിക്കപ്പെട്ടിട്ടുള്ള പുനരധിവാസ, പുനഃസ്ഥാപന അതോറിറ്റിക്ക് സമർപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ ഓഫീസർക്ക് (എൽ.എ.ഒ) മേൽ നിയമത്തിലെ 64-ാം വകുപ്പ് പ്രകാരമുള്ള ഒരപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകേണ്ടതും, ആയത് 30 ദിവസത്തിനകം പ്രസ്തു അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരം അപേക്ഷകളിൽ 60 ദിവസത്തിനകം അതോറിറ്റി അവാർഡു പാസ്സാക്കേണ്ടതാണ്. അർത്ഥനാധികാരിക്കോ അല്ലെങ്കിൽ 69-ാം വകുപ്പനുസരിച്ച് അതോറിറ്റി പാസാക്കിയിട്ടുള്ള ആവാർഡിന്മേൽ അക്ഷേപമുള്ള ഏതൊരു തൽപ്പര കക്ഷിക്കും അവാർഡ് പാസ്സാക്കിയ തിയ്യതി മുതൽ 60 ദിവസത്തിനകം ബഹു. ഹൈക്കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

## 7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പു നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം.

ഇല്ല.

## അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാതസ ദൂരീകരണ പദ്ധതി

### 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും.

ഭൂമി ഏറ്റെടുക്കിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസ, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം - 2013, ഇതിനോടനുബന്ധിച്ചുള്ള കേരള ചട്ടങ്ങൾ എന്നിവ പ്രകാരവും ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാന ഘടനകളെയും നടപ്പിലാക്കുന്നതിനുമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

സാമൂഹ്യ പ്രത്യാഘാത പഠനത്തോടൊപ്പം തന്നെ തയ്യാറാക്കുന്ന സാമൂഹ്യപ്രത്യാഘാത നിയന്ത്രണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനും 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് കേരള സർക്കാർ വളരെ സുസ്ഥാപിതമായ ആസൂത്രണമാണ് ചെയ്തിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ബാധിക്കപ്പെടുന്ന വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ കൂടുതൽ നഷ്ടപരീഹാരവും മെച്ചപ്പെട്ട പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ GO (MS) No. 485/2015/RD dt 23/9/2015 എന്ന ഉത്തരവിലൂടെ ഒരു നയത്തിന് (Poliocy) രൂപം കൊടുക്കുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരം പ്രസിദ്ധപ്പെടുത്തിയ നയം കേരള ചീഫ് സെക്രട്ടറി, നിയമ സെക്രട്ടറി, റവന്യൂവകുപ്പ് സെക്രട്ടറി, ഭരണവകുപ്പ് സെക്രട്ടറി, ധവ വകുപ്പ് സെക്രട്ടറി, എന്നിവരടങ്ങുന്ന ഒരു സംസ്ഥാനതല അധികാര കമ്മിറ്റിക്ക് രൂപം നൽകി. സർക്കാറിന്റെ പ്രസ്തുത നയ പ്രകാരംതന്നെ ജില്ലാ തലത്തിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസ-പുനഃസ്ഥാപന കമ്മിറ്റിക്കും രൂപം കൊടുത്തു. പ്രസ്തുത കമ്മിറ്റിയിൽ ജില്ലാ കളക്ടർ, പുനരധിവാസ-പുനഃസ്ഥാപനത്തിനുള്ള അഡ്മിനിസ്ട്രേറ്റർ, പൊന്നുംവില തഹസിൽദാർ, അർദ്ധനാധികാരി, ബന്ധപ്പെട്ട പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രതിനിധികൾ എന്നിവരടങ്ങിയതാണ് പ്രസ്തുത കമ്മിറ്റി. 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 43-ാം വകുപ്പനുസരിച്ച് നിയോഗിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്ററിലാണ് പുനരധിവാസ-പുനഃസ്ഥാപനത്തിനുള്ള പദ്ധതി രൂപീകരണവും അത് നടപ്പിലാക്കാനുള്ള മേൽനോട്ടം വഹിക്കാനുമുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത്. പ്രസ്തുത സ്കീമിന്റെ രൂപീകരണത്തിനു മേൽനോട്ടം വഹിക്കുക, അങ്ങിനെയുള്ള സ്കീമുകളുടെയോ, പ്ലാനുകളുടെയോ ശരിയായ നടത്തിപ്പിനും ഉത്തരവാദപ്പെട്ടിരിക്കുന്നത് 2013 ലെ നിയമത്തിലെ 43-ാം വകുപ്പനുസരിച്ച് നിയമിക്കപ്പെടുന്ന പുനരധിവാസ-പുനഃസ്ഥാപന കമ്മീഷണർ എന്നവർക്കാണ്. പദ്ധതി നടത്തിപ്പിന് ശേഷമുള്ള സോഷ്യൽ ഓഡിറ്റിംഗിന്റെ ഉത്തരവാദിത്വവും പുനരധിവാസ-പുനഃസ്ഥാപന കമ്മീഷണറിൽ നിക്ഷിപ്തമാണ്. ഭൂമി ഏറ്റെടുക്കലുമായുള്ള ഉത്തരവാദിത്വം സ്പെഷ്യൽ തഹസിൽദാർ, റോഡ് കണക്ടിവിറ്റി പാക്കേജ്, (കണ്ണൂർ വിമാനത്താവളം) വില്ലേജ് ഓഫീസ് കെട്ടിടം, തലശ്ശേരി എന്നവർക്കാണ്. 2013 ലെ ആക്ടിന്റെ വകുപ്പുകളനുസരിച്ച് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില നിർണ്ണയിക്കേണ്ടത് പ്രസ്തുത നിയമത്തിന്റെ 26-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട പൊന്നുംവില തഹസിൽദാർ ആണ്. ഏറ്റെടുക്കേണ്ട ഭൂമിയിലെ ചമ

യങ്ങൾക്ക് വില നിർണ്ണയിക്കേണ്ടത് വകുപ്പ് 29 (1) പ്രകാരം ബന്ധപ്പെട്ട വകുപ്പിലെ യോഗ്യരായ എഞ്ചിനിയർമാരും വൃക്ഷങ്ങളുടെയും മറ്റും നഷ്ടപരിഹാരം കണക്കാക്കേണ്ടത് 29 (2) വകുപ്പ് പ്രകാരം കൃഷിവകുപ്പിൽ നിന്നോ വനംവകുപ്പിൽ നിന്നോ, ഉദ്യാന നിർമ്മാണത്തിലോ, പട്ടുനൂൽ പുഴു വളർത്തലുമായി ബന്ധപ്പെട്ട യോഗ്യതയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തിയായിരിക്കണം. എന്നാൽ നിലവിലുള്ള വിളകളുടെ വില നിശ്ചയിക്കേണ്ടത് വകുപ്പ് (29 (3) പ്രകാരം കൃഷി വകുപ്പിൽ നിന്നുള്ള യോഗ്യരായവരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ടായിരിക്കണം.

സ്ഥലം ഏറ്റെടുക്കുന്നതുമൂലം അനുവദിച്ച നഷ്ടപരിഹാരത്തുകയെ കുറിച്ചോ, പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങളെക്കുറിച്ചോ ബാധിത കുടുംബങ്ങൾക്ക് ആക്ഷേപമുണ്ടെങ്കിൽ RFCTLARR നിയമത്തിലെ വകുപ്പ് പ്രകാരം വർദ്ധിച്ച തോതിൽ നഷ്ടപരിഹാരമോ, പുനരധിവാസ, പുനഃസ്ഥാപനങ്ങളോ ലഭിക്കുന്നതിന് ബന്ധപ്പെട്ട പൊന്നുംവില തഹസിൽദാർ മുഖേന LARR അതോറിറ്റിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അത്തരം അപേക്ഷകളിൽ പ്രസ്തുത അതോറിറ്റി 6 മാസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതായിട്ടുണ്ട്. അതോറിറ്റിയുടെ ഉത്തരവുപ്രകാരവും ന്യായമായ വർദ്ധനവ് ലഭിച്ചിട്ടില്ല എന്നു ബോധ്യമുള്ളപക്ഷം, ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

## 8.2 ഗവൺമെന്റിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിശദമാക്കുക.

നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെ കേരള റോഡ് ഫണ്ട് ബോർഡ് എന്ന സ്ഥാപനമാണ്.

## 8.3 സാങ്കേതിത സഹായം ഉൾപ്പെടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ, കാര്യക്ഷമതാ ശേഷിയോ ആവശ്യാമയി വരുന്നുണ്ടെങ്കിൽ വിവരിക്കുക.

ഇല്ല

## 8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം.

ഭൂമി ഏറ്റെടുക്കൽ നടപടികളിലെ ഓരോ പ്രവർത്തനവും 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചും, പ്രസ്തുത വ്യവസ്ഥകൾ സുതാര്യമായി നടപ്പിലാക്കുന്നതിന് 2015 ൽ രൂപം കൊടുത്തിട്ടുള്ള RFCTLARR (കേരള) ചട്ടങ്ങൾ അനുസരിച്ചുമായിരിക്കും.

## അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപിടകളും

### 9.1 പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനും വേണ്ടിവരുന്ന ചിലവ്.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ രണ്ടു കുടുംബങ്ങൾ താമസിക്കുന്ന വീടിനെ പൂർണ്ണമായും ബാധിക്കുന്നുണ്ട്. അത്തരം കുടുംബങ്ങളെ പദ്ധതി പ്രദേശത്തുനിന്ന് കുടിയൊഴിഷിക്കേണ്ടതായി വരും. കൂടാതെ സ്വന്തം കടയിൽ വ്യാവസായിക സംരംഭത്തിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്തുന്ന ഒരു കടയുടമയും പദ്ധതി പ്രദേശത്തുണ്ട്. പ്രസ്തുത കടയുടെ മുകളിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഓഫീസ് സ്ഥിതിചെയ്യുന്നുണ്ട്. കുടിയൊഴിഷിക്കേണ്ടി വരുന്ന കുടുംബങ്ങൾക്ക് RFCTLARR നിയമത്തിലെ ഒന്ന്, രണ്ട് പട്ടിക പ്രകാരവും സർക്കാറിന്റെ 29/12/2017 തിയ്യതിയിലെ ജി. ഒ. (എം.എസ്) നമ്പർ 448/2017/ആർ.ഡി പ്രകാരവും കടയുടമയ്ക്ക് പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരമുള്ള പുനരധിവാസ, പുനഃസ്ഥാപനങ്ങൾ ലഭിക്കാനുള്ള അർഹതയുണ്ട്. കൂടാതെ പുനരധിവസിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുനരധിവാസ കേന്ദ്രത്തിൽ ഉണ്ടായിരകിക്കേണ്ട അടിസ്ഥാന സേവന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടത് അർത്ഥനാധികാരിയുടെ ഉത്തരവാദിത്വമാണ്. പുനരധിവാസ-പുനഃസ്ഥാപന ആനുകൂല്യങ്ങളുടേയും, അടിസ്ഥാന സേവന സൗകര്യങ്ങൾക്കും വേണ്ടി വരുന്ന ചിലവ് നിർണ്ണയിക്കുന്നത്, ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 43-ാം വകുപ്പ അനുസരിച്ച് നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ ഒരു സർവ്വെ നടത്തി തയ്യാറാക്കുന്ന ഒരു കർമ്മപരിപാടിയുടെ അടിസ്ഥാനത്തിലായണ്. അത്രം ഒരു കർമ്മ പദ്ധതി തയ്യാറാക്കിയെങ്കിൽ മാത്രമെ പുനരധിവാസ-പുനഃസ്ഥാപനത്തിനു വേണ്ടി വരുന്ന യഥാർത്ഥ ചെലവ് തിട്ടപ്പെടുത്താൻ സാധിക്കുയുള്ളൂ.

### 9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും.

ലഭ്യമല്ല.

### 9.3 സാമ്പത്തിക സ്രോതസ്സ്.

വിവരങ്ങൾ ലഭ്യമല്ല.

## അദ്ധ്യായം 10

## സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും.

ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെയും വസ്തുവിലെ കുഴിക്കൂർ ചമയങ്ങളുടെയും മൂല്യ നിർണ്ണയം നടത്തുന്നത് നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകളനുസരിച്ചു ബന്ധപ്പെട്ട പൊന്നുംവിലുല തഹസിൽദാരും മറ്റു സർക്കാർ വകുപ്പുകളുമാണ്. ഈ നടപടിക്രമങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാകളക്ടറുടെ മേൽനോട്ടവുമുണ്ടായിരിക്കും. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പ്രസ്തുത നിയമമനുസരിച്ചു ലഭിക്കാവുന്ന നഷ്ടപരിഹാരത്തേക്കാൾ കൂടുതൽ ലഭിക്കുന്നതിനും, മെച്ചപ്പെട്ട പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ GO (MS) No. 485/2015/RD dt 23-9-2015 എന്ന നമ്പർ ഉത്തരവ് പ്രകാരം ഒരു സർക്കാർ നയം (policy) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയമനുസരിച്ച് കുടിയൊഴിപ്പിക്കേണ്ടി വരുന്ന സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ, സർക്കാർ ഒരു ഡപ്യൂട്ടി കളക്ടറെ പുനരധിവാസ-പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്ററായി നിയമിക്കേണ്ടതും സമുചിത ഗവൺമെന്റിന്റേയും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണം, നടപ്പിലാക്കൽ, മേൽനോട്ടം എന്നിവ RFCTLARR നിയമത്തിലെ 43-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്ററുടെ ചുമതലയായിരിക്കും. പ്രസ്തുത നിയമത്തിലെ 44-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന പുനരധിവാസ പുനഃസ്ഥാപന കമ്മീഷണർ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമുകളുടേയോ, പ്ലാനുകളുടേയോ രൂപീകരണത്തിന് മേൽനോട്ടം വഹിക്കുന്നതിനും, അങ്ങിനെയുള്ള സ്കീമുകളുടേയോ പ്ലാനുകളുടേയോ ശരിയായ നടത്തിപ്പിനും ഉത്തരവാദിയാണ്. പ്രസ്തുത ഉത്തരവിലൂടെ സർക്കാർ സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും ഓരോ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയെ തരംതിരിച്ചു ഭൂ ഉടമകളുമായി കൂടിയാലോചിച്ച് സ്ഥലവിലയിൽ ഒരു സമവായത്തിലെത്തി സംസ്ഥാന തല കമ്മിറ്റിയുടെ അംഗീകാരത്തിന് വിടുകയാണ് ജില്ലാതല കമ്മിറ്റിയുടെ ചുമതല. ജില്ലതല കമ്മിറ്റിയിൽ നിന്നും ലഭിച്ച റിപ്പോർട്ടു പരിശോധനക്കുശേഷം ആവശ്യമായ മാറ്റങ്ങളോടുകൂടി അംഗീകരിച്ചു മറ്റുനടപടികളിലേക്ക് ജില്ലാകമ്മിറ്റിക്കുതന്നെ സംസ്ഥാനതല കമ്മിറ്റി അയച്ചുകൊടുക്കുന്നു. അങ്ങിനെയുള്ള പാക്കേജ് ഭൂഉടമകളുമായി ചർച്ചചെയ്തശേഷം ഓരോ വ്യക്തിയിൽനിന്നും ഏറ്റെടുക്കേണ്ട സ്ഥലം റജിസ്റ്റർ ചെയ്തു ഏറ്റെടുക്കുകയാണ് ഈ നയത്തിലൂടെ (policy) സർക്കാർ ലക്ഷ്യമിടുന്നത് ഇത് ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്താനും. കാലതാമസം കൂടാതെ നഷ്ടപരിഹാരം ലഭിക്കാനു പ്രയോജനപ്പെടുന്നതാണ്.

ഇത്തരം ഭൂമി ഏറ്റെടുക്കൽ നടപടികളിലൂടെ, ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചു ഏറ്റെടുക്കുന്ന സ്ഥലത്തുനിന്നും കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ പുനരധിവാസ, പുനഃസ്ഥാപനത്തിനായി സർക്കാർ പ്രസ്തുത നിയമത്തിലെ 43-ാം വകുപ്പിനു വിധേയമായി GO (P) No. 590/2015/RD dt 11-11-2015 പ്രകാരം ഓരോ കലട്രേറ്റിലേയും ഭൂമി ഏറ്റെടുക്കൽ വിഭാഗം ഡപ്യൂട്ടി കളക്ടറെ പുനരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്ററായി നിയമിച്ചിട്ടുണ്ട്. സമുചിത ഗവൺമെന്റിന്റേയും

പുനരധിവാസ പുനഃസ്ഥാപനത്തിനുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി പുനരധിവാസ പുനഃസ്ഥാപനത്തിനുള്ള പദ്ധതിയുടെ രൂപീകരണം, നടപ്പിലാക്കൽ, മേൽനോട്ടം എന്നിവ അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമാണ്. RFCTLARR നിയമത്തിലെ 44-ാം വകുപ്പിന് വിധേയമായി നിയമിക്കപ്പെട്ട പുനരധിവാസ പുനഃസ്ഥാപന കമ്മീഷണർ, പുനരിധിവാസത്ിനും പുനഃസ്ഥാപനത്തിനുമുള്ള പദ്ധതികളുടേയോ, പ്ലാനുകളുടേയോ രൂപീകരണത്തിന് മേൽനോട്ടം വഹിക്കുന്നതിനും അങ്ങിനെയുള്ള പദ്ധതികളുടേയോ പ്ലാനുകളുടേയോ ശരിയായ ിടത്തിപ്പിന് ഉത്തരവാദിയായിരിക്കുന്നതാണ്. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ ഗ്രാമസഭയുമായും പട്ടണപ്രദേശങ്ങളിൽ മുൻസിപ്പാലിറ്റിയുമായും പര്യാലോചിച്ച് പദ്ധതി നടത്തിപ്പിനുശേഷമുള്ള സോഷ്യൽ ആഡിറ്റിന്കൂടി ഉത്തരവാദിയാണ്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി നൂറ് ഏക്കറോ അതിൽ കൂടുതലോ ആണെങ്കിൽ അതത് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ RFCTLARR നിയമത്തിലെ 45-ാം വകുപ്പനുസരിച്ച് പുനരധിവാസ-പുനഃസ്ഥാപന കമ്മിറ്റിക്ക് രൂപം കൊടുക്കാവുന്നതാണ്. ഈ കമ്മിറ്റി പുനരധിവാസ പുനഃസ്ഥാപന പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുകയും അവലോകനം ചെയ്യുകയും പുനരധിവാസ-പുനഃസ്ഥാപന പദ്ധതിയുടെ നടത്തിപ്പിന് ശേഷമുള്ള സോഷ്യൽ ആഡിറ്റിംഗ് നിർവ്വഹിക്കേണ്ടതുമാണ്.

ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ പുനരധിവാസ, പുനഃസ്ഥാപനത്തിനുവേണ്ടി RFCTLARR നിയമത്തിലെ 48-ാം വകുപ്പ് പ്രകാരം ഒരു ദേശീയ മോണിറ്ററിംഗ് കമ്മിറ്റിയും 50-ാം വകുപ്പനുസരിച്ച് ഒരു സ ംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിക്കേണ്ടതായിട്ടുണ്ട്.

## 10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസ, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വിവിധ വലകുപ്പുകളനുസരിച്ചും 2015 ൽ പ്രസ്തുത നിയമത്തിനായി രൂപം കൊടുത്ത കേരള ചട്ടങ്ങളുടേയും, 23-9-2015 ന്റെ GO (MS) No. 485/2015/RD dt പ്രകാരമുള്ള സർക്കാർ നയത്തിന്റേയും അടിസ്ഥാനത്തിലാണ് റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

## 10.3 സ്വതന്ത്ര മൂല്യനിർണ്ണയം.

സ്വതന്ത്രമായ ഒരു മൂല്യനിർണ്ണയം വിഭാവനം ചെയ്യുന്നില്ല. RFCTLARR ആക്ട് 2013 ലെ വിവിധ വകുപ്പുകൾ പ്രകാരമാണ് ബന്ധപ്പെട്ട അധികാരികൾ സ്ഥലം ഏറ്റെടുക്കൽ നടപടികൾ കൈക്കൊള്ളുന്നത്.

# അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും

## അപഗ്രഥനം - ശുപാർശകൾ

### 11.1 പൊതുആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറഞ്ഞ സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്താനുള്ള സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ തീരുമാനം.

കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി എന്നീ താലൂക്കുകളിൽ ഉൾപ്പെട്ട ധർമ്മടം മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുക എന്നതാണ് നിർദ്ദിഷ്ടപദ്ധതി. ഇതിന്നായി പിണറായി, ഇരിവേരി, അഞ്ചരക്കണ്ടി, മക്രേരി, പടുവിലായി എന്നീ വില്ലേജുകളിലെ ആകെ 489.07 ആർ ഭൂമിയാണ് സർക്കാർ ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. പട്ടണ പ്രദേശങ്ങളില് താമസിക്കുന്ന യുവജനങ്ങൾക്കോ, അതല്ലെങ്കിൽ അത്തരം പ്രദേശങ്ങളിൽ പഠിച്ചുവളരുന്ന കുട്ടികൾക്കോ ലഭിക്കുന്ന കായിക രംഗത്തെ ഭൗതിക സൗകര്യങ്ങൾ ഉൾനാടൻ പ്രദേശങ്ങളിലുള്ള ഇത്തരം വിഭാഗങ്ങൽക്ക് ലഭിക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ വസ്തുത കണ്ടറിഞ്ഞാണ് സർക്കാർ യുവജനങ്ങശ്ക്കും കുട്ടികൾക്കും കായിക രംഗത്ത് ഉണ്ടാകേണ്ട വളർച്ചയ്ക്ക് മുന്നോടിയായി ഒരു പൊതുആവശ്യമെന്ന നിലയിൽ ഗ്രാമീണ കളിസ്ഥലം പരിപാടിക്ക് രൂപംകൊടുത്തത്. ഇതിനായി കണ്ടെത്തിയ അഞ്ചു സ്ഥലങ്ങളിൽ - പെരളശ്ശേരി ഗ്രാമപഞ്ചായത്തിനുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്ന മക്രേരി വില്ലേജിലെ സ്ഥലത്ത് രണ്ടു കുടുംബങ്ങൾ താമസിക്കുന്നതല്ലാതെ മറ്റൊരിടത്തും താമസമില്ല. ആകയാൽ പദ്ധതി പ്രദേസത്തുനിന്നും രണ്ടു കുടുംബങ്ങളെ മാത്രമെ കുടിയൊഴിപ്പിക്കേണ്ടി വരുന്നുള്ളൂ. ഇത്തരം പദ്ധതികൾ ഏറ്റെടുത്തു നടത്തുമ്പോഴുണ്ടാകുന്ന ഏറ്റവും കുറഞ്ഞ സ്ഥാനഭ്രംശം തന്നെയാണ്. അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്ന നിർദ്ദിഷ്ട പദ്ധതിക്കായി ആകെ ഏറ്റെടുക്കാനുദ്ദേശിക്കുന്നത് 489.07 ആർ സ്ഥലം മാത്രമാണ്. ആയതിനാൽ ഈ പദ്ധതിക്കാവശ്യമായ ഏറ്റവും കുറഞ്ഞ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിനായി ഉത്തരവായിട്ടുള്ളതെന്ന് കാണാം.

സ്ഥലം ഏറ്റെടുക്കൽമൂലം ഉണ്ടാകുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ അതിലെ കുഴിക്കൂർ ചമയങ്ങളുടെ സ്ഥലം ഉടമയ്ക്കുണ്ടാവുന്ന നഷ്ടമാണ്. കൂടാതെ പദ്ധതി പ്രദേശത്ത് താമസിക്കുന്ന രണ്ടു കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരുന്നതും, കട ഒഴിയേണ്ടി വരുന്നതിലൂടെ തന്റെ ഉപജീവന മാര്ഗ്ഗം നഷ്ടപ്പെടുന്ന കടയുടമയുടെ അവസ്ഥയും ആഘാതത്തിന്റെ തീവ്രിത വർദ്ധിപ്പിക്കുന്നതാണ്. എന്നിരുന്നാലും RFCTLARR നിയമത്തിലെ വ്യവസ്ഥകളനുസരിച്ചു ലഭിക്കുന്ന നഷ്ടപരിഹാരവും GO(MS) No. 448/2017/RD dated 29/12/2017 പ്രകാരം സംസ്ഥാന സർക്കാർ നടപ്പാക്കിയ പുനരധിവാസ, പുനഃസ്ഥാപന പാക്കേജ് അനുസരിച്ചും ലഭിക്കുന്ന ആനുകൂല്യങ്ങളും അത്തരം കുടുംബങ്ങൾക്കുണ്ടാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ നല്ലൊരളവുവരെ ദൂരീകരിക്കാൻ കഴിയുന്നതാണ്.

**സാദ്ധ്യത പ്രയോജനങ്ങൾ.**

1. ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി നാട്ടിൽപുറങ്ങളിലെ യുവജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന് സഹായകമാവും.
2. വളരെ ചെറിയ പ്രായത്തിൽതന്നെ കുട്ടികളിലെ കായികാഭിരുചി കണ്ടെത്തുന്നതിനും അത്തരം പ്രതിഭകളെ വളർത്തിയെടുത്ത് സംസ്ഥാനത്തിന്റെ കായിക മേഖലയിലുള്ള വളർച്ചയ്ക്ക് പ്രയോജിപ്പെടുത്താൻ കഴിയും.
3. യുവജനങ്ങൾക്കും കുട്ടികൾക്കും കായികരംഗത്തെ വിവിധ ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് അനുയോജ്യമായ പരിശീലകരെ നിയമിക്കുന്നതിലൂടെ, അത്തരം പരിശീലകർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറാൻ കഴിയും.
4. നിർദ്ദിഷ്ട പദ്ധതി നടപ്പിലാകുന്നതോടെ ഈ പ്രദേശത്ത് ഉണ്ടാകുന്ന ഒരു പുത്തൻ ഉണർവ്വ് ആ പ്രദേശത്തിന്റെ ആകെ മുഖച്ഛായ മാറ്റാൻ പര്യാപ്തമായിരിക്കും.
5. പദ്ധതി പ്രദേശത്തിന്റെ സമീപ പ്രദേശങ്ങളിൽ സ്ഥല വില ഗണ്യമായി വർദ്ധിക്കാനുള്ള സാധ്യത വളരെയാണ്.
6. ഈ പദ്ധതിയുടെ ഭാഗമായി അനുയോജ്യമായ രണ്ടിടങ്ങളിലെങ്കിലും 'സ്പോർട് ഹോസ്റ്റൽ' സ്ഥാപിക്കാനുള്ള പദ്ധതിയും ആവിഷ്ക്കരിക്കാവുന്നതാണ്.

## കരട് റിപ്പോർട്ട് അവസാനിച്ചു. ##